**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/01/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



പുതുവത്സരാശംസകൾ.....

Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 15
ജനുവരി 2018
ലക്കം 1



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 15
Issue No. : 1
Month : January 2018





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Blueline Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ലോകസമാധാനദിനാചരണം | 05 |
| കർഷകദിനം – സർക്കുലർ | 14 |
| ക്രൈസ്തവരുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം 2018 | 20 |
| രൂപതക്കച്ചേരി | 35 |
| ക്രിസ്തുജ്യോതി | 41 |
| സാമൂഹ്യസേവനം | 46 |
| തിരുബാലസഖ്യം | 49 |
| ചെറുപുഷ്പ മിഷൻലീഗ് | 50 |
| കെ.സി.എസ്.എൽ. | 51 |
| കെ.സി.വൈ.എം. | 52 |
| മാതൃവേദി | 53 |
| പ്രാർത്ഥനാഗ്രൂപ്പ് | 55 |
| കത്തോലിക്കാ കോൺഗ്രസ് | 56 |
| കരുണ ആശുപത്രി | 57 |
| ആത്മജ്യോതിയിലെ പരിപാടികൾ | 57 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 58 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 58 |


**"Heaven doesn't value what you have, but what you give."**

*Pope Francis, Tweet, 20-12-2017*

## ഓർമ്മിക്കാൻ

### ജനുവരി മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വർഷാരംഭം, നമ്മുടെ കർത്താവിന്റെ നാമകരണം |
| 03 | : | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 05 | : | ദൈവമാതൃത്വതിരുനാൾ |
| 06 | : | ദനഹാത്തിരുനാൾ |
| 07–12 | : | എഫാത്താ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 15–17 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 12 | : | വി. യോഹന്നാൻ മാംദാന |
| 13 | : | കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം, കൊല്ലം |
| 18 | : | സഭൈക്യവാരം ആരംഭം |
| 19 | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ, |
| 20 | : | വി. സെബസ്ത്യാനോസ് |
| 22 | : | മൂന്ന് നോമ്പാരംഭം |
| 20–21 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 24 | : | വി. ഫ്രാൻസിസ് സാലസ് |
| 25 | : | സഭൈക്യവാരം അവസാനിക്കുന്നു |
| | : | വി. പൗലോസിന്റെ മാനസാന്തരം |
| 26 | : | ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| | : | വി. സുവിശേഷകന്മാർ |
| | : | വി. തിമോത്തേയോസും വി. തീത്തൂസും |
| | : | സി.എം.എൽ. മെഗാക്വിസ് & രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്, ആയിരമേക്കർ |
| | : | കെ.സി.എസ്.എൽ. രൂപതാ കിഡ്സ് കലോത്സവം & മെഗാക്വിസ്, സെന്റ് മേരീസ് എൽ.പി. സ്കൂൾ, മുരിക്കാശ്ശേരി |
| 26–28 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 27 | : | വി. തോമസ് അക്വിനാസ് (28 ഞായർ) |
| 30 | : | ലോകസമാധാനദിനം |
| 31 | : | വി. ജോൺ ബോസ്കോ |

**C. 1.** **സർക്കുലർ**

# അമ്പത്തൊന്നാം ലോകസമാധാന ദിനാചരണം: ജനുവരി 1, 2018

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

### *കുടിയേറ്റക്കാരും അഭയാർഥികളും: സമാധാനം തേടുന്ന സ്ത്രീപുരുഷന്മാർ*

1. ഹൃദയപൂർവകമായ സമാധാനാശംസ

ഭൂമിയിലെ എല്ലാ ജനതകൾക്കും എല്ലാ രാഷ്ട്രങ്ങൾക്കും സമാധാനം! ക്രിസ്തുമസ് രാത്രിയിൽ[1] മാലാഖ ആശംസിച്ച സമാധാനം എല്ലാവർക്കും അഗാധമായ പ്രചോദനമാണ് - ഓരോ വ്യക്തിക്കും എല്ലാ ജനതകൾക്കും പ്രത്യേകിച്ച്, അതിന്റെ അഭാവം ഏറ്റവും തീവ്രമായി സഹിക്കുന്നവർക്കും. ഞാൻ അവരെപ്പറ്റി സ്ഥിരം ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവരിൽ ലോകത്തെങ്ങുമുള്ള 250 മില്യൻ കുടിയേറ്റക്കാരുണ്ട്. അവരിൽത്തന്നെ 22.5 മില്യൻ അഭയാർഥികളാണ്. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ബനഡിക്റ്റ് 16-ാമൻ മാർപാപ്പാ അവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "സമാധാനത്തോടെ ജീവിക്കാനുള്ള ഒരിടം അന്വേഷിക്കുന്ന സ്ത്രീകളും പുരുഷന്മാരും യുവാക്കളും വൃദ്ധജനങ്ങളും[2] ആ സമാധാനം കണ്ടെത്താൻ, യാത്രയിൽ ജീവന്റെ അപകടസാധ്യത ഏറ്റെടുക്കാൻ, തയ്യാറാണ്. അവരുടെ യാത്ര സുദീർഘവും അപകടകരവുമാണ്. അവർ ക്ലേശങ്ങളും പീഡകളും സഹിക്കുന്നു. ലക്ഷ്യത്തിൽനിന്ന് അവരെ അകറ്റിനിറുത്തുന്ന വേലിക്കെട്ടുകളും മതിലുകളും അവർ കാണുന്നു. പീഡനവും ദാരിദ്ര്യവും പരിസ്ഥിതി തകർച്ചയും മൂലം മാതൃദേശം വിട്ടുപോകുന്നവരെ സഹതാപത്തിന്റെ ചൈതന്യത്തോടെ നമുക്ക് ആശ്ലേഷിക്കണം."

മറ്റുള്ളവരുടെ സഹനത്തിനു നേരെ ഹൃദയം തുറക്കുന്നതു മാത്രം മതിയാവുകയില്ലെന്നു നമുക്കറിയാം. നമ്മുടെ സഹോദരീസഹോദരന്മാർക്ക് സുരക്ഷിത ഭവനത്തിൽ വീണ്ടും സമാധാനപൂർവം



ജീവിക്കാൻ കഴിയുന്നതിനുമുമ്പ് നാം വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിനും വസ്തുനിഷ്ഠമായ സമർപ്പണം ആവശ്യമാണ്. സഹായത്തിന്റെയും സന്മനസിന്റെയും നെറ്റുവർക്ക് ആവശ്യമാണ്. സൂക്ഷ്മവും സഹതാപപൂർണവുമായ ശ്രദ്ധയും വേണം. സങ്കീർണവും നവീനവുമായ അസംഖ്യം ആധുനികപ്രശ്നങ്ങളെ ഉത്തരവാദിത്വപൂർവം കൈകാര്യം ചെയ്യണം. ഈ പ്രശ്നങ്ങളിൽ എപ്പോഴും പരിമിതമായിരിക്കുന്ന വിഭവങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരെ സ്വാഗതം ചെയ്യാനും വളർത്താനും സംരക്ഷിക്കാനും ഉദ്ഗ്രഥിക്കാനും പുതിയൊരു സമൂഹത്തിന്റെ ഭാഗങ്ങളാക്കിത്തീർക്കാനും രാഷ്ട്രീയനേതാക്കൾ വിവേകം എന്ന ഗുണം അഭ്യസിച്ചുകൊണ്ട് പ്രായോഗിക മാനങ്ങൾ സ്വീകരിക്കണം. "പൊതുനന്മയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ പരിധിക്കുള്ളിൽനിന്ന് അങ്ങനെ ചെയ്യണം."[3] നേതാക്കന്മാർക്ക് അവരുടെ സമൂഹത്തെ സംബന്ധിച്ച് വ്യക്തമായ ഉത്തരവാദിത്വമുണ്ട്. അതിന്റെ നിയമാനുസൃതമായ അവകാശങ്ങളും ഏകതാളമായ വികസനവും അവർ ഉറപ്പുവരുത്തണം - പണിയാൻ തുടങ്ങിയ ഗോപുരം പണിതീർക്കുന്നതിൽ പരാജയപ്പെടുന്ന വിഢിയായ നിർമ്മാതാവിനെപ്പോലെയാകാതിരിക്കാൻ വേണ്ടിത്തന്നെ.[4]

**2. എന്തുകൊണ്ട് ഇത്രമാത്രം അഭയാർത്ഥികളും കുടിയേറ്റക്കാരും?**

മാലാഖമാർ ബേത്‌ലഹേമിൽ സമാധാനം പ്രഘോഷിച്ചിട്ട് രണ്ടായിരം വർഷമായപ്പോൾ നടത്തിയ മഹാജൂബിലിയെപ്പറ്റി ചിന്തിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ 2-ാമൻ ഒരു വസ്തുത ചൂണ്ടിക്കാണിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയായിരിക്കുന്ന "യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും വംശഹത്യകളുടെയും വംശ നിർമാർജനത്തിന്റെയും അവസാനിക്കാത്തതും ഭീതിജനകവുമായ അനന്തരഫലങ്ങളിൽ ഒന്നാണ് വ്യക്തികളുടെ സ്ഥാനചലനത്തിനുള്ള കാരണ"[5]മെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇന്നോളം പുതിയ നൂറ്റാണ്ട് അതിൽ നിന്നു മാറിയിട്ടില്ല. ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംഘട്ടനങ്ങളും സംഘടിതമായ അക്രമത്തിന്റെ മറ്റു രൂപങ്ങളും രാഷ്ട്രങ്ങളുടെ അതിരുകളിലേക്കും അപ്പുറത്തേക്കും ജനങ്ങളെ ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ജനങ്ങൾ മറ്റു കാരണങ്ങളാലും കുടിയേറുന്നുണ്ട്. പ്രധാനമായും "അവർ കൂടുതൽ നല്ല ജീവിതം ആഗ്രഹിക്കുന്നതുകൊണ്ട് അങ്ങനെ ചെയ്യുന്നു". "വാഗ്ദാനമില്ലാത്ത ഭാവിയുടെ നിരാശയെ പിന്നിലാക്കാൻ വേണ്ടിയാണ് പലപ്പോഴും അങ്ങനെ ചെയ്യുന്നത്."[6] അവർ സ്വന്തം കുടുംബങ്ങളോടു ചേരാൻ വേണ്ടിയോ പ്രൊഫഷണലോ വിദ്യാഭ്യാസപരമോ ആയ സാഹചര്യങ്ങൾ അന്വേഷിച്ചുകൊണ്ടോ അങ്ങനെ ചെയ്യുന്നു. എന്തെന്നാൽ അതിനെല്ലാം അവകാശമുള്ളവർക്ക് സമാധാനത്തിൽ ജീവിക്കാൻ സാധിക്കുന്നില്ല. കൂടാതെ, *ലാവുദാത്തോസി* എന്ന ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ "പരിസ്ഥിതിപരമായ അധഃപതനം മൂലമുണ്ടാകുന്ന വർധിച്ചുവരുന്ന ദാരിദ്ര്യത്തിൽനിന്ന് ഓടിപ്പോകാൻ ശ്രമിക്കുന്ന ധാരാളം കുടിയേറ്റക്കാരുണ്ട്."[7]

മിക്കവരും ക്രമീകൃത മാർഗങ്ങളിലൂടെയാണ് കുടിയേറുന്നത്. എന്നാൽ ചിലർ വ്യത്യസ്തമാർഗങ്ങൾ സ്വീകരിക്കുന്നു. പ്രധാനമായും നിരാശകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ രാജ്യങ്ങൾ അവർക്ക് സുരക്ഷിതത്വമോ അവസരങ്ങളോ നല്കുന്നില്ല. നിയമപരമായ മാർഗങ്ങൾ അപ്രായോഗികമോ അടയ്ക്കപ്പെട്ടതോ അമിതമായ കാലതാമസം വരുത്തുന്നതോ ആണ്.

കുടിയേറ്റത്തിനു വിധേയമാകുന്ന അനേകരാഷ്ട്രങ്ങളിൽ കുടിയേറ്റം ദേശീയ സുരക്ഷിതത്വത്തിന് അപകടകരമാണെന്ന വാദം പരക്കുന്നു. പുതിയവരെ സ്വീകരിക്കൽ ഏറെ ചെലവുള്ള കാര്യമാണെന്നു വാദിക്കുന്നു. അങ്ങനെ ദൈവത്തിന്റെ പുത്രീപുത്രന്മാർക്ക് അവകാശപ്പെട്ട മഹത്ത്വത്തെ ഇല്ലാതാക്കുന്നു.[8]

ഭാവിയിൽ കുടിയേറ്റം തുടരുമെന്ന് അന്താരാഷ്ട്രസമൂഹത്തിനു ലഭ്യമായ എല്ലാ സൂചനകളും വ്യക്തമാക്കുന്നുണ്ട്. ചിലർ ഇതിനെ ഒരു ഭീഷണിയായി കരുതുന്നു. സമാധാനം സ്ഥാപിക്കാനുള്ള ഒരു സന്ദർഭമായി ആത്മവിശ്വാസത്തോടെ അതിനെ കാണാൻ ഞാൻ ആവശ്യപ്പെടുന്നു.

**3. ധ്യാനാത്മകമായ നോട്ടത്തോടെ**

വിശ്വാസത്തിന്റെ ജ്ഞാനം ധ്യാനാത്മകവീക്ഷണത്തെ



വളർത്തുന്നു. അത് ഒരു വസ്തുത തിരിച്ചറിയുന്നു. അതായത് നമ്മൾ എല്ലാവരും "ഒറ്റക്കുടുംബത്തിലെ അംഗങ്ങളാണ്. കുടിയേറ്റക്കാരും അവരെ സ്വീകരിക്കുന്ന ജനതകളും ഒറ്റ കുടുംബത്തിലെ അംഗങ്ങളാണ്. നമ്മുടെ ലക്ഷ്യം സാർവത്രികമാണ്. സഭയുടെ സാമൂഹികപ്രബോധനം പഠിപ്പിക്കുന്നതുപോലെതന്നെ. ഇവിടെയാണ് ഐക്യദാർഢ്യവും പങ്കുവയ്ക്കലും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്."[9] ഈ വാക്കുകൾ പുതിയ ജറുസലെമിനെ സംബന്ധിച്ച് ബൈബിളിൽ കാണുന്ന പ്രതിബിംബത്തെ ഉണർത്തുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകവും (അധ്യായം 60) വെളിപാടിന്റെ പുസ്തകവും (അധ്യായം 21) ഒരു നഗരത്തെ വിവരിക്കുന്നു. അതിന്റെ കവാടങ്ങൾ എല്ലാ ദേശത്തെയും ജനതകൾക്കായി തുറന്നിട്ടിരിക്കുന്നു. അവർ അതുകണ്ട് വിസ്മയിക്കുകയും സമ്പന്നതകൾകൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുന്നു. അതിനെ നയിക്കുന്ന പരമാധികാരി സമാധാനമാണ്. അതിനോടുള്ള സഹവർത്തിത്വത്തെ ഭരിക്കുന്ന തത്ത്വം നീതിയാണ്.

നാം ജീവിക്കുന്ന നഗരങ്ങളെയും ഈ ധ്യാനാത്മകവീക്ഷണത്തോടെ നാം നോക്കണം. അവരുടെ വീടുകളിലും തെരുവീഥികളിലും ചത്വരങ്ങളിലും ദൈവം വർത്തിക്കുന്നതായി കാണുന്ന വിശ്വാസത്തിന്റെ നോട്ടമാണത്. അവിടന്ന് ഐക്യദാർഢ്യത്തെയും സഹോദര്യത്തെയും നന്മയ്ക്കും സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആഗ്രഹത്തെയും വളർത്തുന്നു."[10] മറ്റു വാക്കുകളിൽ പറഞ്ഞാൽ, സമാധാനവാഗ്ദാനത്തെ പൂർത്തീകരിക്കുന്നു.

ആ നോട്ടം കുടിയേറ്റക്കാരിലേക്കും അഭയാർഥികളിലേക്കും വ്യാപിപ്പിക്കുമ്പോൾ അവർ കൈയിൽ ഒന്നുമില്ലാതെയല്ല എത്തിച്ചേരുന്നതെന്ന് നാം കണ്ടെത്തും. അവർ ധീരതയും വൈദഗ്ധ്യവും ഊർജവും ആഗ്രഹങ്ങളും ഉള്ളവരാണ്. അതുപോലെ അവരുടെ സംസ്കാരങ്ങളുടെ നിക്ഷേപങ്ങളും അവരുടെ കൈയിലുണ്ട്. ഇങ്ങനെ അവർ അവരെ സ്വീകരിക്കുന്ന രാഷ്ട്രങ്ങളുടെ ജീവനെ സമ്പന്നമാക്കുന്നു. ലോകത്ത് എവിടെയും അസംഖ്യ വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സർഗാത്മകതയും ആവേശവും ത്യാഗചൈതന്യവും കൂടി നമ്മൾ കാണുന്നുണ്ട്. അവർ

കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും വേണ്ടി വാതിലുകളും ഹൃദയങ്ങളും തുറക്കുന്നു. വിഭവങ്ങൾ പരിമിതമായിരിക്കുന്നിടങ്ങളിലും നാം അതു കാണുന്നു

പൊതുനന്മയെ സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരുടെ വിവേചനശക്തിയെയും ധ്യാനാത്മകമായ വീക്ഷണം നയിക്കണം. സ്വാഗതം ചെയ്യലിന്റെ നയം സ്വീകരിക്കുകയും വേണം. "പൊതുനന്മയെ സംബന്ധിച്ച ശരിയായ വീക്ഷണം അനുവദിക്കുന്ന പിരിധിക്കുള്ളിൽ അങ്ങനെ ചെയ്യണം."[11] മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആവശ്യങ്ങളും ഓരോ വ്യക്തിയുടെയും ക്ഷേമവും ഓർത്തുകൊണ്ട് അപ്രകാരം ചെയ്യണം.

പൊട്ടിമുളച്ചു വളർന്നുകൊണ്ടിരിക്കുന്ന സമാധാനത്തിന്റെ വിത്തുകളെ തിരിച്ചറിയാൻ ഇപ്രകാരം വസ്തുതകളെ നോക്കിക്കാണുന്നവർക്കു സാധിക്കും. കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സാന്നിധ്യത്തെ സംബന്ധിച്ച് മിക്കപ്പോഴും വിഭജിക്കപ്പെടുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങൾ അങ്ങനെ സമാധാനത്തിന്റെ പണിപ്പുരകളായി മാറും.

**4. പ്രവർത്തനത്തിനു നാല് മൈൽക്കല്ലുകൾ**

അനാഥാലയം അന്വേഷിക്കുന്നവർക്കും അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർക്കും അവർ അന്വേഷിക്കുന്ന സമാധാനം കണ്ടെത്താൻ അവസരം നല്കുകയെന്നത് നാലു പ്രവൃത്തികൾ കൂടിച്ചേർന്ന കാര്യമാണ്: സ്വാഗതം ചെയ്യൽ, സംരക്ഷിക്കൽ, വളർത്തൽ, കൂട്ടിച്ചേർക്കൽ.[12]

നിയമപരമായ മാർഗങ്ങൾ വ്യാപിപ്പിക്കുകയെന്നത് "സ്വാഗതം ചെയ്യലിന്" ആവശ്യമാണ്. കുടിയേറ്റക്കാരെയും അന്യനാട്ടുകാരെയും പീഡനവും അക്രമവും നേരിടേണ്ടിവരുന്ന രാജ്യങ്ങളിലേക്ക് തള്ളിക്കളയാതിരിക്കുകയും വേണം. ദേശീയ സ ഷിതത്വത്തെക്കുറിച്ചുള്ള നമ്മുടെ താത്പര്യം മാനുഷിക മൗലികാവകാശങ്ങളെക്കുറിച്ചുള്ള താത്പര്യത്തോടു തുല്യമായിരിക്കണം. വിശുദ്ധ ഗ്രന്ഥം നമ്മെ



ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "ആതിഥ്യ മര്യാദ മറക്കരുത്. അതുവഴി ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്."[13]

അഭയകേന്ദ്രവും സുരക്ഷിതത്വവും തേടി, യഥാർത്ഥ അപകടങ്ങളിൽ നിന്ന് ഓടിവരുന്നവരുടെ അലംഘ്യമായ മഹത്ത്വത്തെ അംഗീകരിക്കാനും സംരക്ഷിക്കാനും അവരെ ചൂഷണത്തിൽനിന്നു രക്ഷിക്കാനുമുള്ള കടമയെ സംബന്ധിച്ചതാണ് "സംരക്ഷിക്കൽ." അപകടസാധ്യതയുടെയും ദുരുപയോഗത്തിന്റെയും ഇരകളാകത്തക്ക സാഹചര്യത്തിലുള്ള സ്ത്രീകളെയും കുട്ടികളെയും കുറിച്ച് ഞാൻ പ്രത്യേകമായി ചിന്തിക്കുന്നു. അവരുടെ അവസ്ഥ അടിമത്തത്തിനു തുല്യംപോലുമാണ്. "കർത്താവ് പരദേശികളെ പരിപാലിക്കുന്നു. വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു."[14]

കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സംപൂർണമായ മാനുഷിക വികസനത്തെ പിന്താങ്ങുകയെന്നതാണ് "വളർത്തൽ." അങ്ങനെ ചെയ്യാൻ പല മാർഗങ്ങളുമുണ്ട്. കുട്ടികൾക്കും യുവജനത്തിനും എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസം ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് അവരെ സ്വന്തം കഴിവുകളെ തിരിച്ചറിയാനും വളർത്താനും സഹായിക്കും. മാത്രമല്ല, പരിത്യജിക്കലിന്റെയും എതിർപ്പിന്റെയും ചൈതന്യത്തിനു പകരം മറ്റുള്ളവരെ കണ്ടുമുട്ടാനും സംഭാഷണം നടത്താനുമുള്ള ചൈതന്യം അവർക്കുണ്ടാകും. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു: ദൈവം "പരദേശിയെ സ്നേഹിക്കുന്നു. അവർക്ക് ആഹാരവും വസ്ത്രവും നല്കുന്നു. അതിനാൽ പരദേശിയെ സ്നേഹിക്കുക. ഈജിപ്തിൽ നിങ്ങൾ പരദേശികളായിരുന്നല്ലോ."[15]

അവസാനമായി "ഉദ്ഗ്രഥിക്കൽ" അഥവാ "കൂട്ടിച്ചർക്കൽ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്: സ്വാഗതം ചെയ്യുന്ന സമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായി പങ്കുചേരാൻ അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും അനുവദിക്കുക. പരസ്പരം സമ്പന്നമാക്കുന്ന ഒരു പ്രക്രിയയുടെ ഒരു ഭാഗമായിരിക്കണം അത്. പ്രാദേശിക സമൂഹത്തിന്റെ പൂർണമായ മാനുഷിക വികസനത്തിനു സേവനം ചെയ്യുന്നതിൽ ഫലപൂർണമായ സഹകരണവും ഉണ്ടാകണം. വിശുദ്ധ

പൗലോസ് ശ്ലീഹാ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്."[16]

**5. രണ്ട് അന്താരാഷ്ട്ര ഉടമ്പടികളുണ്ടാക്കാനുള്ള നിർദേശം**

എന്റെ ഹൃദയപൂർവകമായ പ്രത്യാശ ഇതാണ്: 2018-ൽ ഈ പ്രക്രിയ രണ്ട് ആഗോള ഉടമ്പടികൾ എഴുതാനും അംഗീകരിക്കാനും യുണൈറ്റഡ് നേഷൻസിനെ പ്രചോദിപ്പിക്കും. ഒരു ഉടമ്പടി സുരക്ഷിതവും ക്രമവത്കൃതവുമായ കുടിയേറ്റത്തിനുവേണ്ടിയുള്ളതാണ്. മറ്റേത്, അഭയാർഥികളെ സംബന്ധിക്കുന്നതാണ്.

ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്ന ഉടമ്പടികളാകയാൽ നയപ്രഖ്യാപനങ്ങൾക്കും പ്രായോഗികമായ കാര്യങ്ങൾക്കും വേണ്ട സംവിധാനം അവ പ്രദാനം ചെയ്യും. ഇക്കാരണത്താൽ അവ സഹതാപം, മുൻകൂട്ടിക്കാണൽ, ധീരത എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടതായിരിക്കണം. സമാധാന സംസ്ഥാപന പരമായ പ്രക്രിയയെ വളർത്താനുള്ള ഓരോ അവസരവും അതു പ്രയോജനപ്പെടുത്തും. ഈ മാർഗത്തിലൂടെ മാത്രമേ അന്താരാഷ്ട്ര രാഷ്ട്രീയത്തിന് ആവശ്യമായ യാഥാർഥ്യബോധമുണ്ടാകുകയുള്ളൂ. കുറ്റം പറച്ചിലിനും ആഗോളവത്കരിക്കപ്പെടുന്ന നിസ്സംഗതയ്ക്കും കീഴ്പ്പെടാതിരിക്കാനാണത്.

സംവാദവും ക്രമവത്കരണവും അന്താരാഷ്ട്ര സമൂഹത്തെ സംബന്ധിച്ച ഒരു അത്യാവശ്യവും സവിശേഷമായ ഒരു കടമയുമാണ്. ദേശീയ അതിർത്തികൾക്ക് അപ്പുറത്ത് കൂടുതൽ അഭയാർഥികളെ അതുവഴി സ്വാഗതം ചെയ്യാൻ കഴിയും. അല്ലെങ്കിൽ കൂടുതൽ നന്നായി സ്വാഗതം ചെയ്യാൻ കഴിയും. സാമ്പത്തികത കുറഞ്ഞ രാഷ്ട്രങ്ങൾക്കും അങ്ങനെ ചെയ്യാൻ സാധിക്കും. അവർക്ക് അത്യാവശ്യമായ പണം അന്താരാഷ്ട്ര സഹകരണം വഴി ഉറപ്പുനല്കിയാൽ മതി.

സമഗ്ര മാനുഷിക വികസനത്തെ വളർത്താനുള്ള ഡികാസ്ട്രിയിൽ കുടിയേറ്റക്കാരെയും അഭയാർഥികളെയും സംബന്ധിച്ച



ഖണ്ഡികകളിൽ 20 കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ നാലു ക്രിയകളും ചെയ്യാൻ അവ പ്രേരിപ്പിക്കും. പൊതുനയത്തിലും ക്രൈസ്തവസമൂഹത്തിന്റെ മനോഭാവങ്ങളിലും പ്രവർത്തനങ്ങളിലും ഇതു നടപ്പാക്കാൻ പ്രേരണ നല്കും.[17] രണ്ടു യു.എൻ ആഗോള ഉടമ്പടികളും സ്വീകരിക്കാനുള്ള പ്രക്രിയയിൽ കത്തോലിക്കാസഭയ്ക്കു താത്പര്യമുണ്ട്. ഇതിന്റെയും മറ്റു സംഭാവനകളുടെയും ലക്ഷ്യം അതാണ്. കൂടുതൽ പൊതുവായ അജപാലനപ്രവർത്തനത്തിന്റെ അടയാളമാണ് ഈ താത്പര്യം. അത് സഭയുടെ ഉദ്ഭവം മുതൽ തുടങ്ങിയതാണ്. ഇന്നോളമുള്ള അനേകം പ്രവർത്തനങ്ങളിലൂടെ സഭ അതു തുടർന്നിട്ടുമുണ്ട്.

**6. നമ്മുടെ പൊതുഭവനത്തിനുവേണ്ടി**

വിശുദ്ധ ജോൺപോൾ 2-ാമന്റെ വാക്കുകളിൽനിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "സമാധാനപൂർണമായ ഒരു ലോകം എന്ന 'സ്വപ്നം' എല്ലാവരും പങ്കുചേരുന്ന ഒന്നായിക്കഴിഞ്ഞാൽ, അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും സംഭാവനയെ ശരിയായി വിലയിരുത്തിയാൽ മനുഷ്യവർഗം കൂടുതൽ കൂടുതൽ സാർവത്രികമാകുന്ന കുടുംബമായിത്തീരും. നമ്മുടെ ഭൂമി യഥാർഥത്തിൽ പൊതുവായ ഭവനം ആയിത്തീരുകയും ചെയ്യും."[18] ചരിത്രത്തിലുടനീളം അനേകർ ഈ "സ്വപ്ന"ത്തിൽ വിശ്വസിച്ചവരും അവരുടെ നേട്ടങ്ങൾ ഒരു സാക്ഷ്യവുമാണ് - ഇത് ഒരു മായാലോക സങ്കല്പമല്ലെന്നതിന്റെ സാക്ഷ്യപത്രം.

അവരിൽ ഒരാളായി വിശുദ്ധ ഫ്രാൻസെസ് സേവ്യർ കബ്രീനിയെ ഈ വർഷം നമുക്കു ഓർമ്മിക്കാം. അവളുടെ നൂറാം ചരമവാർഷികം ഇക്കൊല്ലമാണ്. ഈ നവംബർ 13-ാംതീയതി അനേകം സഭാ സമൂഹങ്ങൾ അവളുടെ ഓർമ്മ ആഘോഷിക്കുന്നു. ഏറെ ശ്രദ്ധേയയായ അവൾ കുടിയേറ്റക്കാർക്കുവേണ്ടിയുള്ള സേവനത്തിന് തന്റെ ജീവിതം സമർപ്പിച്ചു. അവൾ കുടിയേറ്റക്കാരുടെ രക്ഷാധികാരിയായ വിശുദ്ധയാണ്. നമ്മുടെ സഹോദരീസഹോദരന്മാരെ സ്വാഗതം ചെയ്യാനും, സംരക്ഷിക്കാനും വളർത്താനും സമൂഹത്തിലേക്കു കൂട്ടിച്ചേർക്കാനും ഈ വിശുദ്ധ നമ്മെ പഠിപ്പിച്ചു. "സമാധാന

സ്രഷ്ടാക്കൾ നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു"[19] എന്നത് നമുക്കെല്ലാവർക്കും അനുഭവിക്കാൻ, ആ വിശുദ്ധയുടെ മാധ്യസ്ഥതവഴി കർത്താവ് നമ്മെ ശക്തരാക്കട്ടെ.

വത്തിക്കാനിൽ നിന്ന്

13 നവംബർ 2017

കുടിയേറ്റക്കാരുടെ രക്ഷാധികാരിണിയായ ഫ്രാൻസെസ് സേവ്യർ കബ്രീനിയുടെ ഓർമദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

## Footnotes

[1] Luke 2:14.
[2] Angelus, 15 January 2012.
[3] JOHN XXIII, Encyclical Letter Pacem in Terris, 106.
[4] Luke 14:28-30.
[5] Message for the 2000 World Day of Peace, 3..
[6] BENEDICT XVI, Message for the 2013 World Day of Migrants and Refugees.
[7] No. 25.
[8] Cf. Address to the National Directors of Pastoral Care for Migrants of the Catholic Bishops' Conferences of Europe, 22 September 2017.
[9] BENEDICT XVI, Message for the 2011 World Day of Migrants and Refugees.
[10] Apostolic Exhortation Evangelii Gaudium, 71.
[11] JOHN XXIII, Encyclical Letter Pacem in Terris, 106.
[12] Message for the 2018 World Day of Migrants and Refugees.
[13] Hebrews 13:2.
[14] Psalm 146:9.
[15] Deuteronomy 10:18-19.
[16] Ephesians 2:19.
[17] "20 Pastoral Action Points" and "20 Action Points for the Global Compacts", Migrants and Refugees Section, Rome, 2017. See also Document UN A/72/528.
[18] Message for the World Day of Migrants and Refugees 2004,, 6.
[19] James 3:18.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



C. 2. **സർക്കുലർ**

# 2018 ജനുവരി 15 കർഷകദിനം

### കേരള കത്തോലിക്കാ മെത്രാൻ സമിതി
### ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അസംഘടിത കർഷകസമൂഹത്തിന്റെ അതിജീവനം ലക്ഷ്യമാക്കി കേരള കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ഒന്നര പതിറ്റാണ്ട് മുമ്പ് രൂപീകരിക്കപ്പെട്ട സ്വതന്ത്ര കർഷകപ്രസ്ഥാനമാണ് ഇൻഫാം. വിളകളുടെ വിലത്തകർച്ചയും കീടബാധയും വന്യമൃഗശല്യവും കടക്കെണിയുംമൂലം ആത്മഹത്യയുടെ വക്കിലെത്തിയ കർഷകസമൂഹത്തിന് സാന്ത്വനമേകുവാൻ ദൈവനിയോഗം പോലെ രൂപം കൊണ്ട ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക പോരാട്ടങ്ങൾ ചരിത്രത്താളുകളിൽ ഇന്നും ജ്വലിച്ചുനിൽക്കുന്നു. ഇത്തരം ജനകീയ പോരാട്ടങ്ങളിലൂടെ കാർഷിക പ്രശ്നങ്ങൾ ഭരണാധികാരികളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ഒട്ടനവധി കാർഷികപ്രശ്നങ്ങൾക്ക് പരിഹാരം സാധ്യമാക്കുവാനും കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

പക്ഷേ ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ കാർഷികമേഖലയിൽ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വില തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു. ഉല്പാദനച്ചെലവ് വർദ്ധിക്കുന്നു. തൊഴിലാളി ക്ഷാമം രൂക്ഷമാണ്. വന്യമൃഗശല്യംമൂലം വിളകൾ നശിപ്പിക്കപ്പെടുന്നു. കാലാവസ്ഥാവ്യതിയാനം കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ച് ഉല്പാദനത്തിലും വൻ ഇടിവ് സൃഷ്ടിച്ചിരിക്കുന്നു. കടബാധ്യത കർഷകന്റെ ഉറക്കംകെടുത്തുകമാത്രമല്ല ജീവനും തട്ടിയെടുക്കുന്നു. കീടബാധമൂലം വിളകൾ നശിക്കുന്നു.

പകലന്തിയോളം പണിയെടുത്ത് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കളും വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും ഉല്പാദിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അടിയന്തരവും ഫലപ്രദവുമായ ഇടപെടൽ അനിവാര്യമാണ്.

കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തണം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കണം. മലയോരമേഖലയിലെ വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം കണ്ടെത്തണം. കാർഷിക കടങ്ങൾ എഴുതിത്തള്ളണം. കർഷകന് പലിശരഹിതവായ്പ ലഭ്യമാക്കണം. നാടിനുവേണ്ടി സേവനം ചെയ്യുന്ന കർഷകന് വാർദ്ധക്യാവസ്ഥയിൽ പ്രതിമാസം പതിനായിരം രൂപ പെൻഷൻ നൽകണമെന്ന 2015 ലെ സംസ്ഥാന കാർഷികനയത്തിലെ നിർദ്ദേശം നടപ്പിലാക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. കർഷകപ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക കമ്മീഷൻ രൂപീകരിക്കണം. ഇത്തരം ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ജാതിമതഭേദമെന്യേ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ടതുണ്ട്.

കാർഷികവൃത്തിയോടുള്ള യുവജനതയുടെ അവഗണനയും ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. കാർഷികവൃത്തി ആദായകരമല്ലാത്തതുകൊണ്ടും കർഷകർക്ക് അർഹമായ പരിഗണന ലഭിക്കാത്തതുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ നിന്നും അകന്നുനിൽക്കുകയാണിന്ന്. ഇത് ആശങ്കാജനകമായ അവസ്ഥയാണ്. വരുംതലമുറകളും കാർഷികവൃത്തി തുടർന്നാൽമാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. കാർഷികവൃത്തി ഒരു സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് പഴയതലമുറ കണ്ടിരുന്നത്. അത് കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിച്ച സ്നേഹസംസ്കാരമായിരുന്നുവെന്ന സത്യം യുവതലമുറ തിരിച്ചറിയണം. മണ്ണും മനുഷ്യനും പ്രകൃതിയും സമന്വയിക്കപ്പെടുമ്പോൾ രൂപംകൊള്ളുന്ന ജീവസം



സ്കൃതിയാണ് കാർഷികവൃത്തിയുടെ അന്തഃസത്ത. അതോടൊപ്പം പ്രകടമാകുന്ന ആത്മീയതയുടെ ഫലവും വിസ്മരിച്ചുകൂടാ.

സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമന്വയമാണ് കാർഷികവൃത്തിയിൽ നാം ദർശിക്കുന്ന ആത്മീയത. ഫലസമൃദ്ധമായ ഏദൻതോട്ടത്തിന്റെ കാവൽക്കാരും പരിപാലകരുമായി ദൈവം ചുമതലപ്പെടുത്തിയത് മനുഷ്യരെയാണ്. ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്താൻ ദിവ്യനാഥൻ ഉപയോഗിച്ച ഉപമകളിൽ പലതും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയെയും നദികളെയും പൂജിക്കുന്ന ആർഷഭാരത സംസ്കാരം ഈ ആത്മീയതയുടെ ഭാഗമാണ്. അതുകൊണ്ട് ഭക്ഷ്യോല്പാദനം മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ടും കാർഷികവൃത്തിയിൽ അന്തർലീനമായിരിക്കുന്ന ജീവസംസ്കാരവും ആത്മീയതയും ഉൾക്കൊണ്ടുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെടാൻ സ്വയം സന്നദ്ധരാകണം.

അവകാശങ്ങൾ നേടിയെടുക്കുവാനുള്ള പോരാട്ടങ്ങളോടൊപ്പം സ്വയം പര്യാപ്തത കൈവരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർ ചിന്തിക്കേണ്ടതുണ്ട്. ഏകവിളയിൽ നിന്നും ബഹുവിളകൃഷിയിലേയ്ക്ക് കർഷകർ മാറണം. ജൈവകൃഷിരീതി അവലംബിക്കണം. അടുക്കളത്തോട്ടങ്ങളിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പ്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ഉറപ്പുവരുത്തണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ ഇടവകതോറും ഞായറാഴ്ച ചന്തകൾ ആരംഭിക്കണം. പാഴായിപ്പോകുന്ന ചക്ക, കശുമാമ്പഴം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാനുള്ള സംരംഭങ്ങൾ തുടങ്ങണം. പശുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ സംരംഭങ്ങളിലൂടെ അധികവരുമാനം ഉറപ്പുവരുത്തണം. ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുകയും കാർഷികപ്രശ്നങ്ങൾ അവതരിപ്പിക്കുകയും വേണം. സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പ്രാദേശികതലത്തിൽ കർമ്മസമിതികൾ രൂപീകരിക്കണം. തൊഴിലാളി

ക്ഷാമം പരിഹരിക്കാനും ഉല്പദനച്ചെലവ് കുറയ്ക്കാനും ലക്ഷ്യമി ട്ടുകൊണ്ട് പണ്ടുകാലത്ത് ഉണ്ടായിരുന്ന മാറ്റാൾപണി പുനരാരംഭി ക്കണം. ഇത്തരം ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ നമുക്ക് ഒരു പരിധി വരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

കാർഷികമേഖലയോടൊപ്പം സഭാവിശ്വാസികൾ ഉപജീവന ത്തിനായി ഏറെ ആശ്രയിക്കുന്ന മത്സ്യബന്ധനമേഖലയും നമ്മുടെ വിചിന്തനത്തിന് വിധേയമാക്കണമെന്ന് ഞാൻ കരുതുന്നു. കടലിന്റെ മക്കൾ ഇന്ന് അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ആശങ്കാജനകവും ഭീതിജനകവുമാണ്. അടുത്തനാളിൽ കേരളത്തിലുൾപ്പെടെ വീശിട യിച്ച ഓഖി ചുഴലിക്കാറ്റിന്റെ ദുരന്തങ്ങൾ ഏറെ അനുഭവിച്ചത് മത്സ്യ ത്തൊഴിലാളികളാണ്. കടലിൽ മത്സ്യബന്ധനത്തിനുപോയ തങ്ങളുടെ ഉറ്റവർ മടങ്ങിവരാതായപ്പോൾ അലമുറയിട്ട് കരയുന്ന അമ്മമാരുടെ നിസ്സഹായാവസ്ഥ ആരെയാണ് വേദനിപ്പിക്കാത്തത്? ഒട്ടേറെ സഹോ ദരങ്ങളുടെ വിലപ്പെട്ട ജീവനാണ് അപഹരിക്കപ്പെട്ടത്. എല്ലാം നഷ്ട പ്പെട്ട കടലിന്റെ മക്കളുടെ ദുഃഖത്തിൽ പങ്കുചേരുവാനും അവരെ ആശ്വസിപ്പിക്കുവാനും മാത്രമല്ല എല്ലാവിധ സഹായങ്ങളുമായി സഭ മുന്നോട്ടുവന്നുവെന്നത് ശ്ലാഘനീയമാണ്. തീരദേശജനതയുടെ പുന രുദ്ധാരണത്തിന് നമുക്ക് ഒറ്റക്കെട്ടായി കൈകോർക്കാം. വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സർക്കാർ ഉറപ്പുവരുത്തണം. വള്ളവും വലയും ബോട്ടും നഷ്ടമായവർക്ക് പൂർണ്ണനഷ്ടപരിഹാരം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ള ണം. മേലിൽ ഇത്തരം വൻ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനാ വശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകണം. ന്യായമായ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ ജനകീയ സർക്കാരിന് ധാർമ്മിക ബാധ്യതയുണ്ടെന്ന കാര്യം ബോധ്യപ്പെടുത്തട്ടെ. മലയോര തീരദേശ കർഷകസമൂഹം സംഘടിച്ചുനീങ്ങേണ്ടതും സഹകരിച്ചുപ്രവർത്തി ക്കേണ്ടതും അടിയന്തരമാണ്.

ആഗോളതലത്തിലെ കാർഷിക വ്യാപാരമാറ്റങ്ങളെയും കരാ റുകളെയും നമ്മൾ നോക്കിക്കാണുകയും പഠിക്കുകയും വിലയിരു ത്തുകയും വേണം. രാജ്യാന്തര കാർഷികവിപണിയായി ഇന്ത്യ മാറു



മ്പോൾ ഈ മണ്ണിലെ കർഷകരും സംരക്ഷിക്കപ്പെടണം. ലോകവിപ ണികളുമായി മത്സരിക്കുവാനുള്ള കരുത്ത് നാം ആർജിക്കണം. ഇതി നായി സംഘടിച്ചുനീങ്ങുന്നതിനോടൊപ്പം രാഷ്ട്രീയ നിലപാടുകളും ഭരണപങ്കാളിത്തങ്ങളും കർഷകർക്കുണ്ടാകണം.

കേരളത്തിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ തീരു മാനപ്രകാരം 2010 മുതൽ എല്ലാവർഷവും ജനുവരി 15 ഇൻഫാം കർഷ കദിനമായി ആചരിക്കുകയാണല്ലോ. ഈ വർഷവും വിപുലമായ പരി പാടികളാണ് കർഷദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത്. കൃഷി യുടെയും കർഷകന്റെയും മഹത്വവും നന്മകളും ഓർമ്മപ്പെടുത്താ നുള്ള ഒരു സുവർണ്ണാവസരംകൂടിയാണ് കർഷകദിനം. കർഷകസെ മിനാറുകളും പൊതുയോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് കാർഷിക പ്രശ്നങ്ങൾ ഭരണാധികാരികളുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽപെടുത്തുവാനും വിഘടിച്ചുനിൽക്കാതെ സംഘടിച്ചുനീ ങ്ങേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുവാനും കർഷകദിനത്തിൽ നാം ശ്രമിക്കണം. ഇടവക, യൂണിറ്റ് തലങ്ങളിൽ കർഷകരെ ആദരിക്കണം. ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത ഇടവക കളിൽ ബഹു.വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ കർഷകരായ നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തികൊണ്ട് യൂണിറ്റുകൾ രൂപിക രിക്കണം.

ദൈവപിതാവിന്റെ സൃഷ്ടികളായ മനുഷ്യമക്കൾക്ക് അന്ന ന്നുവേണ്ടുന്ന ആഹാരം നൽകാൻ സഹകാരികളായി വർത്തിക്കുന്ന കർഷകരോടൊപ്പം കത്തോലിക്കാസഭ നിലകൊള്ളുമെന്ന് ആവർത്തി ച്ചുപറയട്ടെ. ജീവിക്കുവാൻ വേണ്ടിയുള്ള ഇന്നലകളിലെ കുടിയേറ്റ കാലഘട്ടങ്ങളിലും സർക്കാരുകളുടെ അതിക്രൂരമായ കുടിയിറക്കു വേളകളിലും അഭിവന്ദ്യരായ സഭാപിതാക്കന്മാരും, വൈദികരും, അല്മായരും പ്രവാചകധീരതയോടെ കർഷകർക്കൊപ്പം നിലകൊണ്ട് പോരാടിയ ചരിത്രം പ്രത്യേകം സ്മരിക്കുന്നു. പ്രതിസന്ധികളുടെ ഈ നാളുകളിലും കർഷകമക്കൾക്ക് സാന്ത്വനമേകാനും ശക്തിപക രാനും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹു. വൈദികരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിഷമഘട്ടങ്ങളിൽ തളരാതെ കൂടുതൽ

കരുത്തോടെ പുത്തൻ പ്രതീക്ഷകളുമായി മുന്നേറുവാൻ നമുക്കാകണം. ഇൻഫാമിനു നേതൃത്വം കൊടുക്കുന്ന എല്ലാ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം.

**പ്രത്യേക ശ്രദ്ധയ്ക്ക്**: 2018 ജനുവരി 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.





**C. 3.** **സർക്കുലർ**

# ക്രൈസ്തവരുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം 2018

**വിചിന്തനാധാര ബൈബിൾ ഭാഗം പുറപ്പാട് 15:1-21**

**അഭിവന്ദ്യപിതാക്കന്മാരേ, വൈദികസഹോദരങ്ങളേ,**

*കെസിബിസി ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷനിൽ നിന്ന് സ്നേഹാശംസകൾ!*

ലോകമെമ്പാടും വിവിധ മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾക്ക് അയവുവരുത്താനും വിവിധ സഭകൾ തമ്മിലുള്ള ഐക്യത്തിന് ശക്തിപകരാനും പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ നല്കിവരുന്ന ശക്തമായ ആത്മീയനേതൃത്വത്തിന് നമുക്ക് ദൈവത്തിനു നന്ദിപറയാം. ഈ വർഷത്തെ സഭൈക്യവാരപ്രാർഥനകൾ പരിശുദ്ധപിതാവിന്റെ ശ്രമങ്ങൾക്ക് വലിയ പിന്തുണനല്കുന്നവയാണ്.

2018-ലെ ക്രൈസ്തവൈക്യത്തിനുള്ള പ്രാർഥനാവാരത്തിന്റെ വിചിന്തന വിഷയം പുറപ്പാട് 15:1-21 ആണ്. ലോകമെമ്പാടും വിവിധ ക്രൈസ്തവസഭകൾ ആവേശത്തോടെ ഈ പ്രാർഥനാവാരത്തിൽ പങ്കെടുക്കുമ്പോൾ, മതസൗഹാർദത്തിനും സഭൈക്യശ്രമങ്ങൾക്കും ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി വരുന്ന കേരളത്തിലെ ക്രൈസ്തവ സഭകൾക്കും വിശിഷ്യാ കത്തോലിക്കാസഭയ്ക്കും ഈ പ്രാർഥനാവാരം ഏറെ പ്രധാനപ്പെട്ടതാണ്. നമ്മുടെ എല്ലാ ദേവാലയങ്ങളിലും ഈ പ്രാർഥനകൾ ചൊല്ലാനും സഭൈക്യവാരത്തിൽ വിവിധസഭകളുമായി ചേർന്ന് കൂട്ടായ പ്രാർഥനകൾക്ക് വേദിയൊരുക്കാനും നമുക്കു കഴിയട്ടെ.

പ്രാർത്ഥനാശംസകളോടെ,

കെ.സി.ബി.സി. കമ്മീഷൻ ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം
**റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ** (ചെയർമാൻ)
**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്** (വൈസ് ചെയർമാൻമാർ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്** (വൈസ് ചെയർമാൻമാർ)
**ഫാ. പ്രസാദ് തെരുവത്ത് ഒ.സി.ഡി.** (സെക്രട്ടറി)
**ഫാ. ചെറിയാൻ താഴമൺ, തിരുവല്ല അതിരൂപത** (ജോ. സെക്രട്ടറി)
**ഫാ.ജോസഫ് സുഗുൺ ലിയോൺ,** കൊല്ലം രൂപത (ജോ. സെക്രട്ടറി)
**ഫാ. ചെറിയാൻ കറുകപറമ്പിൽ,** ചങ്ങനാശ്ശേരി അതിരൂപത (ജോ. സെക്രട്ടറി).

**ആമുഖം**

ക്രൈസ്തവ ഐക്യത്തിനായുള്ള ഈ വർഷത്തെ പ്രാർഥനാവാരത്തിന് ആവശ്യമായ രൂപരേഖ തയ്യാറാക്കിയത് കരീബിയയിലെ സഭാവിഭാഗങ്ങളാണ്. ഈ ഭൂപ്രദേശത്തെ ക്രൈസ്തവസഭകളുടെ ചരിത്രത്തിൽ ഒരു വൈരുധ്യം അന്തർലീനമായിരിക്കുന്നു. ആഫ്രിക്ക, ചൈന, ഇന്ത്യ എന്നിവിടങ്ങളിൽനിന്നും കൊണ്ടുവരപ്പെട്ടവർക്കൊപ്പം ഇവിടത്തെ ആദിമനിവാസികളെയും ദാസ്യവൽകരിച്ചതു ന്യായീകരിക്കാൻ അധിനിവേശക്കാർ ഉപയോഗിച്ചത്, വിശുദ്ധഗ്രന്ഥത്തെയാണ്. പല ജനവിഭാഗങ്ങളെയും അവർ നാമാവശേഷമാക്കി. പലരെയും കന്നുകാലികളെപ്പോലെ ചങ്ങലയ്ക്കിട്ട് അടിമകളാക്കി; പലരെയും അന്യായമായ തൊഴിൽസാഹചര്യങ്ങൾക്ക് വിധേയരാക്കി. എന്നാൽ അധിനിവേശക്കാരുടെ അതിക്രമങ്ങൾക്കു വിധേയരായവരുടെ കരങ്ങളിൽ, അതേ വിശുദ്ധഗ്രന്ഥം വിമോചന വാഗ്ദാനത്തിന്റെയും സാന്ത്വനത്തിന്റെയും സ്രോതസ്സായി മാറി.

സാന്ത്വനത്തിന്റെയും മോചനദായകപ്രവർത്തനത്തിനുള്ള പ്രചോദനത്തിന്റെയും സ്രോതസ്സായി വിശുദ്ധഗ്രന്ഥം ഇന്നും തുടരുന്നു. മാനവമഹത്ത്വത്തെയും ജീവിതത്തിന്റെ ഗുണമേന്മയെയും തുരങ്കം വയ്ക്കുന്ന നിലവിലുള്ള സാഹചര്യങ്ങൾക്ക് സധൈര്യം അഭിമുഖീഭവിക്കാൻ പ്രചോദനം നല്കുന്ന ദാസ്യച്ചങ്ങലകൾ നമ്മുടെ കരങ്ങളിൽ നിന്ന് അടർന്നു വീഴുമ്പോൾ മാനവകുടുംബത്തിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പുതിയൊരു ഉടമ്പടി ഉരുത്തിരിഞ്ഞുവരുന്നു. ക്രൈസ്തവ സമൂഹങ്ങൾ പ്രാർഥനാപൂർവം ആഗ്രഹിച്ച ഐക്യത്തിന്റെ സഫലീകരണസാക്ഷ്യമാണിത്.

ഈ ആരാധനാ ശുശ്രൂഷാചാരണത്തിന്റെ പൂർണിമയ്ക്കായി



ബൈബിളും മൂന്നു ചങ്ങലകളും അത്യാവശ്യമാണ്. ആരാധനാശുശ്രൂഷയ്ക്കായി ഒരുക്കിയസ്ഥാനത്ത് ശ്രദ്ധാർഹമായ രീതിയിൽ ഈ പ്രതീകങ്ങൾ പ്രതിഷ്ഠിക്കണമെന്നാണ് ഇതിനായുള്ള നിർദേശങ്ങൾ ക്രോഡീകരിച്ച കരീബയയിലെ സമിതി ആവശ്യപ്പെടുന്നത്.

**സഭകളുടെ ഐക്യത്തിനായുള്ള ആരാധനാശുശ്രൂഷക്രമം**

കർത്താവേ, അങ്ങയുടെ വലത്തുകൈ ശക്തിയാൽ മഹത്ത്വമാർന്നിരിക്കുന്നു (പുറപ്പാട് 15:6)

എൽ (L - ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന വ്യക്തി)
സി (C - വിശ്വാസികളുടെ സഞ്ചയം)
ആർ (R - വിശുദ്ധഗ്രന്ഥഭാഗങ്ങൾ വായിക്കുന്ന വ്യക്തി)

**ഗാനം**

ഗാനാലാപനസമയത്ത് പ്രവേശനപ്രദക്ഷിണം. വിശുദ്ധഗ്രന്ഥം ആദരവോടെ സംവഹിക്കുന്ന വ്യക്തി മുന്നിൽ. വിശുദ്ധഗ്രന്ഥത്തോടുള്ള ആദരത്തിന്റെ സൂചനയായി അത് ആരാധനയ്ക്കായി ഒരുക്കിയ സ്ഥലത്ത് പ്രമുഖഭാഗത്ത് പ്രതിഷ്ഠിക്കണം. വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നത് ഈ ബൈബിളിൽ നിന്നുതന്നെയായിരിക്കണം.

**സ്വാഗതവചനങ്ങൾ**

L : നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാരൂപിയുടെ സഹവാസവും നിങ്ങളുടെ കൂടെയുണ്ടായിരിക്കട്ടെ.

C : അങ്ങയോടും കൂടെ

L : ക്രിസ്തുവിൽ പ്രിയസഹോദരരേ, സഭാവിഭാഗങ്ങളുടെ ഐക്യത്തിനായുള്ള പ്രാർഥനാ ശുശ്രൂഷയ്ക്കായി ഒത്തുചേരുമ്പോൾ, നമുക്കു ലഭിച്ച ക്രൈസ്തവ പൈതൃകത്തിനായും മാനവചരിത്രത്തിലെ ഇടപെടലിനായും മോചനദായകവും രക്ഷാകരവുമായ പ്രവൃത്തികൾക്കായും ദൈവത്തിന് നന്ദിയർപ്പിക്കാം.

**പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന**

പ്രതിവചനം ഗാനരൂപത്തിൽ ആലപിക്കാവുന്നതാണ്.

L : കരീബിയയിലെ ക്രൈസ്തവർക്കൊപ്പം നമുക്ക് പരിശുദ്ധാരൂപിയെ വിളിച്ചപേക്ഷിക്കാം. പരിശുദ്ധാത്മാവേ, സഭാവിഭാഗങ്ങളുടെ ഐക്യത്തിനായി ഞങ്ങൾപ്രാർഥിക്കുമ്പോൾ ഞങ്ങളുടെ ഹൃദയങ്ങൾ അവിടത്തെ ദിവ്യാഗ്നിയാൽ നിറയ്ക്കണമേ. അവിടത്തെ ഈ ദാസരെ ഐക്യത്തിന്റെ അരൂപിയാൽ ബന്ധിപ്പിക്കണമേ.

ഇ: പാവനാത്മാവേ, നീ വരണമേ
L: പ്രാർഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ
C: പാവനാത്മാവേ, നീ വരണമേ
L: പാപത്തിന്റെ ആധിപത്യത്തിൽനിന്ന് ഞങ്ങളെ മോചിപ്പിക്കണമേ
C: പാവനാത്മാവേ, നീ വരണമേ.
L: ഞങ്ങളുടെ ബലഹീനതകളിൽ ഞങ്ങളെ സഹായിക്കണമേ
C: പാവനാത്മേവേ നീ വരണമേ
L: ഞങ്ങളെ അവിടത്തെ മക്കളായി വീണ്ടെടുക്കണമേ
C: പാവനാത്മാവേ വരണമേ

**പ്രകീർത്തനഗാനം**

**അനുരഞ്ജനത്തിന്റെ പ്രാർഥനകൾ**

L: ദാസ്യത്തിന്റെ അരൂപി അല്ല നമ്മൾ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ഇനി ഭയത്തിന്റെ ചുഴിയിൽ വീഴേണ്ടതില്ല. ദൈവകൃപയ്ക്കായി നമുക്കു യാചിക്കാം. രക്ഷാകര മഹത്ത്വമാർന്ന ദൈവത്തിന്റെ വലത്തുകരത്തിന്റെ ശക്തിയിൽ വിശ്വാസമർപ്പിക്കാം.

ആരാധനാസമൂഹത്തിൽ നിന്ന് മൂന്നു പേർ മുന്നോട്ടു വരുന്നു. ഓരോരുത്തരുടെയും കരങ്ങളിൽ ഒരോ ചങ്ങല. ഓരോ അപേക്ഷയും പ്രതിവചനവും കഴിയുമ്പോൾ ഓരോരുത്തരുടെയും ചങ്ങല തറയിൽ വീഴ്ത്തണം.കർത്താവേ കനിയേണമേ എന്ന പ്രതിവചനം ആലപിക്കാവുന്നതാണ്.

ഘ: മാനവമഹത്ത്വത്തിന് തുരങ്കംവയ്ക്കുകയും ദാസ്യവൽകരണ



ത്തിന്റെ പുതുരൂപങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്യുന്ന സംവിധാനങ്ങളിൽനിന്ന് ദൈവമേ, ഞങ്ങളെ മോചിപ്പിക്കണമേ, കർത്താവേ കനിയണമേ

C: കർത്താവേ കനിയണമേ

L: ദാരിദ്ര്യവും പാർശ്വവൽകരണവും വർണവിവേചനവും ഞങ്ങളുടെ സഹോദരങ്ങളിൽ അടിച്ചേല്പിക്കാൻ ഇടയാക്കുന്ന തീരുമാനങ്ങളിൽനിന്നും പ്രവൃത്തികളിൽനിന്നും ദൈവമേ, ഞങ്ങളെ മോചിപ്പിക്കണമേ. കർത്താവേ കനിയണമേ

C: കർത്താവേ കനിയണമേ

L: പരസ്പരമുള്ള അന്യവല്കരണത്തിന് ഇടയാക്കുകയും സൗഖ്യദാനത്തിനും പ്രതീക്ഷയ്ക്കും പരിധി നിർണിക്കുകയും ചെയ്യുന്ന ഭയത്തിലും സംശയത്തിലും നിന്ന് ദൈവമേ, ഞങ്ങളെ മോചിപ്പിക്കണമേ. കർത്താവേ കനിയണമേ.

C: കർത്താവേ കനിയണമേ.

L: ദൈവമാണ് നമ്മുടെ ശക്തിയും സംരക്ഷണവും. അവിടന്നാണ് നമ്മുടെ രക്ഷ. നമ്മെ വീണ്ടെടുത്ത ദൈവം പരിശുദ്ധിയുടെ ഭവനത്തിലേക്ക് നമ്മെ നയിക്കുമാറാകട്ടെ.

C: ആമേൻ

**ദൈവവചനപ്രഘോഷണം**

(ഓരോ ദിവസത്തേക്കുമായി ഉപയോഗിക്കാൻ ഒരു സങ്കീർത്തനവും മൂന്നുവായനകളും വീതം ചുവടേ ചേർക്കുന്നു).

**പ്രഭാഷണം**

**ഗാനം**

നമ്മുടെ ദൈവം നമ്മുടെ നാട്ടിൽ
വലത്തു കരത്താൽ വർഷിക്കുന്നു
സൗഖ്യദാന സൽസമൃദ്ധി
സ്നേഹ സാന്ദ്രസ്പർശനത്താൽ

തകർന്ന മെയ്യുകൾ, തകർന്ന മനസ്സുകൾ
തകർന്ന ആത്മാവുകളെല്ലാം
അതിശയജനകമാ സ്പർശനമാത്രയിൽ
സുഖം പ്രാപിച്ചിടുന്നു.

വലത്തു കരത്താൽ ദൈവം നമ്മുടെ
നാട്ടിൽ വിത്തുവിതയ്ക്കുന്നു
സ്വാതന്ത്ര്യത്തിൻ, സ്നേഹത്തിൻ
പ്രതീക്ഷ തൻ വിത്തുകൾ

ജനതകൾ തിങ്ങിപ്പാർക്കുമീ ഭൂവിൽ
ദൈവമക്കളായീടാം
കരങ്ങൾ കോർത്ത് ദൈവത്തിൻ
വലംകൈയിൽ ഒന്നാകാം.

**വിശ്വാസ പ്രമാണം**

**വിശ്വാസികളുടെ പ്രാർഥന**

L: പാപത്തിന്റെ ദാസ്യത്തിൽ നിന്നു നമ്മെ മോചിപ്പിച്ചതിന്, നന്ദി നിറഞ്ഞ മനസ്സോടെ നമ്മുടെ ആവശ്യങ്ങൾ നമ്മുടെ കർത്താവിന്റെ മുൻപിൽ സമർപ്പിക്കാം. നമ്മെ ദാസ്യത്തിലാഴ്ത്തുന്ന ചങ്ങലകൾ തകർക്കാനും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പുതിയ ഉടമ്പടിയാൽ നമ്മെ ഏകോപിപ്പിക്കാനും കൃപയാകണമെന്ന് നമ്മുടെ കർത്താവിനോട് പ്രാർഥിക്കാം.

പ്രാർഥനാഭാഗങ്ങളെല്ലാം ഒരാൾ തന്നെ വായിക്കരുത്. ഒരാൾ ഒന്നുമാത്രം വായിക്കുക. പ്രാർഥനാ ഭാഗങ്ങൾ ഉരുവിട്ടുകഴിയുമ്പോൾ പ്രാർഥനാശുശ്രൂഷയ്ക്കായി സമ്മേളിച്ചിരിക്കുന്നവരും ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നവരും കരങ്ങൾ കോർത്ത് മനുഷ്യച്ചങ്ങല തീർക്കണം.

R 1: പുറപ്പാടിന്റെ ദൈവമേ, ചെങ്കടലാഴത്തിലൂടെ നിന്റെ ജനതയെ നീ നയിക്കുകയും അവരെ രക്ഷിക്കുകയും ചെയ്തുവല്ലോ. ഇപ്പോൾ ഞങ്ങളോടൊപ്പം ആയിരിക്കണമേ. എല്ലാ തലത്തിലെയും എല്ലാ തരത്തിലെയും ദാസ്യത്തിൽനിന്നു ഞങ്ങളെ മോചിപ്പിക്കേണമേ. മാനവ



മഹനീയത വികൃതവും വികലവുമാക്കുന്ന എല്ലാ വസ്തുതകളിലും നിന്ന് ഞങ്ങളെ സ്വതന്ത്രരാക്കണമേ.

C: ഞങ്ങൾ ജീവിതത്തിന്റെ പൂർണിമ അനുഭവിക്കാൻ ഞങ്ങളുടെമേൽ കർത്താവേ, അവിടത്തെ കരങ്ങൾ വയ്ക്കണമേ.

R 2: സമൃദ്ധിയുടെ ദൈവമേ, ഞങ്ങൾക്ക് ആവശ്യമായതൊക്കെ അവിടത്തെ പൈതൃകനന്മയുടെ നിറവിൽ ഞങ്ങൾക്ക് അവിടന്നു നല്കുന്നുവല്ലോ. ഇപ്പോൾ ഞങ്ങളോടൊപ്പം ആയിരിക്കണമേ. സ്വാർഥത്തിന്റെയും ദുരാഗ്രഹത്തിന്റെയും സീമകൾക്കതീതമായി ഉയരാൻ ഞങ്ങള സഹായിക്കണമേ. ലോകത്തിൽ നീതിയുടെ ദൂതരും നിർവാഹകരുമാകാൻ ആവശ്യമായ ധൈര്യം ഞങ്ങൾക്കു നല്കണമേ.

C: ഞങ്ങൾ ജീവിതത്തിന്റെ പൂർണിമ അനുഭവിക്കാൻ ഞങ്ങളുടെമേൽ, കർത്താവേ, അവിടത്തെ കരങ്ങൾ വയ്ക്കണമേ.

R 3: സ്നേഹമാകുന്ന ദൈവമേ, അവിടത്തെ സാദൃശ്യത്തിലാണല്ലോ അവിടന്ന് ഞങ്ങളെ സൃഷ്ടിച്ചത്. അവിടന്നാണല്ലോ ക്രിസ്തുവിൽ ഞങ്ങളെ രക്ഷിച്ചത്. ഇപ്പോൾ ഞങ്ങളോടൊപ്പം ആയിരിക്കണമേ. അയല്ക്കാരെ സ്നേഹിക്കാനും പരദേശികളെ സ്വാഗതം ചെയ്യാനും ഞങ്ങളെ ശക്തീമത്കരിക്കണമേ.

C: ഞങ്ങൾ ജീവിതത്തിന്റെ പൂർണിമ അനുഭവിക്കാൻ ഞങ്ങളുടെമേൽ, കർത്താവേ, അവിടത്തെ കരങ്ങൾ വയ്ക്കണമെ.

R 4: സമാധാനത്തിന്റെ ദൈവമേ, ഞങ്ങൾ അങ്ങയിൽ നിന്ന് അകന്നുപോകുമ്പോഴും അവിടന്ന് അവിടത്തെ ഉടമ്പടിയിൽ വിശ്വസ്തനായി നിലകൊള്ളുന്നുവല്ലോ. ക്രിസ്തുവിലൂടെ ഞങ്ങളെ അവിടത്തോട് അനുരഞ്ജനപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ ഞങ്ങളോടൊപ്പം ആയിരിക്കണമേ. അക്രമങ്ങൾ വെടിയാനും അവിടത്തെ സമാധാനത്തിന്റെ സേവകരാകാനും ഞങ്ങളിൽ പുതിയൊരു ഹൃദയം സൃഷ്ടിക്കണമേ. അതിൽ അങ്ങയുടെ പുതിയ അരൂപി നിറയ്ക്കണമേ.

C: ഞങ്ങൾ ജീവിതത്തിന്റെ പൂർണിമ അനുഭവിക്കാൻ ഞങ്ങളുടെമേൽ കർത്താവേ, അവിടത്തെ കരങ്ങൾ വയ്ക്കണമേ.

R 5: മഹത്ത്വത്തിന്റെ ദൈവമേ, അവിടന്ന് സർവശക്തനാണ്. എങ്കിലും ക്രിസ്തുവിലൂടെ അവിടത്തേക്കായി ഒരു വാസസ്ഥലം മാനവകുടുംബത്തിൽ അവിടന്ന് തിരഞ്ഞെടുക്കുകയുണ്ടായി. ജ്ഞാനസ്നാന ജലത്തിലൂടെ അവിടന്ന് ഞങ്ങളെ അവിടത്തെ മക്കളായി ദത്തെടുക്കുകയും ചെയ്തു. ഇപ്പോൾ ഞങ്ങളോടൊപ്പം ആയിരിക്കണമേ. ഞങ്ങളുടെ കുടുംബങ്ങളോടുള്ള ഉത്തരവാദിത്വങ്ങളിലും സമൂഹത്തോടുള്ള ചുമതലകളിലും വിശ്വസ്തരായിരിക്കാൻ ഞങ്ങളെ സഹായിക്കണമേ.ക്രിസ്തുവിൽ ഞങ്ങളുടെ സഹോദരങ്ങളുമായുള്ള ഐക്യബന്ധം ശക്തിപ്പെടുത്തണമേ.

C: ഞങ്ങൾ ജീവിതത്തിന്റെ പൂർണിമ അനുഭവിക്കാൻ ഞങ്ങളുടെ മേൽ കർത്താവേ, അവിടത്തെ കരങ്ങൾ വയ്ക്കണമേ.

**മൂന്നുപേർ അന്തഃസത്തയിൽ**

R 6: ഉദ്ഗ്രഥിതമായ ഏകദൈവമേ, ക്രിസ്തുവിൽ അവിടന്ന് ഞങ്ങളെ അവിടന്നുമായി ഒന്നാക്കി, ഞങ്ങളുടെ പാരസ്പര്യത്തിലും ഒന്നാക്കി. ഇപ്പോൾ ഞങ്ങളോടൊപ്പം ആയിരിക്കണമേ. അങ്ങയുടെ സഭയുടെ പൂർണവും ദൃശ്യവുമായ ഐക്യത്തിനായുള്ള ഞങ്ങളുടെ പരിശ്രമങ്ങൾ തടസ്സപ്പെടുത്തുന്ന സ്വാർഥം, അഹംഭാവം, ഭയം എന്നിവയിൽ നിന്നു ഞങ്ങളെ സ്വതന്ത്രരാക്കണമേ.

C: ഞങ്ങൾ ജീവിതത്തിന്റെ പൂർണിമ അനുഭവിക്കാൻ ഞങ്ങളുടെ മേൽ കർത്താവേ, അവിടത്തെ കരങ്ങൾ വയ്ക്കണമേ.

**കർത്താവിന്റെ പ്രാർഥന**

L: ദാസ്യച്ചങ്ങലകളാൽ ബന്ധിതരല്ലാത്തവരും നമ്മുടെ ഹൃദയങ്ങളിൽ നിറയ്ക്കപ്പെട്ട ക്രിസ്തുവിനന്റെ സ്നേഹത്താൽ ഉദ്ഗ്രഥിതരായവരുമായ നമ്മുടെ കരങ്ങൾ കോർത്തുപിടിക്കാം. യേശു നമ്മളെ പഠിപ്പിച്ചതുപോലെ, സ്വർഗസ്ഥനായ പിതാവിനോടു പ്രാർഥിക്കാം.

സ്വർഗസ്ഥനായ പിതാവേ.....

(ഇത് ആലപിക്കുന്നതാണ് അഭികാമ്യം)

(കർത്താവിന്റെ പ്രാർത്ഥനയ്ക്കു ശേഷം കരങ്ങൾ കോർത്തു പിടി



ച്ചുകൊണ്ടുതന്നെ– ആരാധനാ ശുശ്രൂഷയ്ക്കായി സമ്മേളിച്ച എല്ലാവർക്കും പാടാൻ സാധിക്കുന്നതും ഐക്യം പ്രതിപാദിച്ച് പ്രകീർത്തിക്കുന്നതുമായ ഒരു ഗാനം ആലപിക്കാവുന്നതാണ്).

(കർത്താവിന്റെ പ്രാർഥനയ്ക്കു ശേഷം പരസ്പരം സമാധാനാശംസകൾ നേരേണ്ടതാണ്).

**ദൗത്യാധികാരനിയോഗം**

L: ദൈവത്തിന്റെ വലത്തു കരത്താൽ വീണ്ടെടുക്കപ്പെട്ടവരായും ക്രിസ്തുവിന്റെ ഏകഗാത്രത്തിൽ ഏകോപിതരായും പരിശുദ്ധാത്മാവിന്റെ ശക്തിയോടെ ദൗത്യനിർവഹണത്തിനായി നമുക്ക് ജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും പോകാം.

C: കർത്താവിന്റെ അരൂപി ഞങ്ങളിൽ നിറഞ്ഞുനില്ക്കുന്നു. എന്തെന്നാൽ, ദരിദ്രർക്ക് സദ്വാർത്ത എത്തിക്കാനും അടിമകളുടെ വിമോചനം പ്രഖ്യാപിക്കാനും അന്ധർക്കു കാഴ്ച വീണ്ടെടുത്തു നല്കാനും അമർച്ച ചെയ്യപ്പെട്ടവരെ സ്വതന്ത്രരായി വിട്ടയയ്ക്കാനും കർത്താവിന്റെ കൃപാനുഗ്രഹങ്ങളുടെ വർഷം പ്രഖ്യാപിക്കാനും കർത്താവ് ഞങ്ങളെ അഭിഷേകം ചെയ്തിരിക്കുന്നു.

അല്ലേല്ലൂയ ! അല്ലേല്ലൂയ! ആമേൻ

**ഗാനം**

**എട്ടു ദിനങ്ങൾക്കായുമുള്ള വചനവിചിന്തനങ്ങളും പ്രാർഥനകളും**

**ഒന്നാം ദിനം**

പരദേശികളെയും നിങ്ങൾ സ്നേഹിക്കണം. കാരണം, ഈജിപ്തിൽ നിങ്ങളും പരദേശികളായിരുന്നു.

ലേവ്യർ - 19:33-34. നിങ്ങളുടെ നാട്ടിൽ വന്നു താമസിക്കുന്ന വിദേശിയെ ഉപദ്രവിക്കരുത്. നിങ്ങളുടെ ഇടയിൽ വസിക്കുന്ന വിദേശിയെ നിങ്ങൾ സ്വദേശിയെപ്പോലെ കണക്കാക്കണം. നിങ്ങളെപ്പോലെതന്നെ അവനെയും സ്നേഹിക്കണം. കാരണം, നിങ്ങൾ ഈജിപ്ത്ദേശത്ത് വിദേശികളായിരുന്നു. ഞാനാണു നിങ്ങളുടെ ദൈവമായ കർത്താവ്.

സങ്കീർത്തനം 146. കർത്താവ് പരദേശികളെ പരിപാലിക്കുന്നു.

ഹെബ്രായർ 13: 1-13.

സഹോദരരേ, സ്നേഹം നിലനില്ക്കട്ടെ. ആതിഥ്യമര്യാദ മറക്കരുത്. അതുവഴി ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്. തടവുകാരോടു നിങ്ങളും അവരോടൊപ്പം തടവിലായിരുന്നാലെന്ന പോലെ പെരുമാറുവിൻ. നിങ്ങൾക്കും ഒരു ശരീരമുള്ളതുകൊണ്ട് പീഡിപ്പിക്കപ്പെടുന്നവരോടു പരിഗണന കാണിക്കുവിൻ.

മത്തായി 25:31-46. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു.

**പ്രാർഥന**

നിത്യനായ ദൈവമേ,നീ ഒരു സംസ്കാരത്തിന്റെയും നാടിന്റെയുമല്ല; പിന്നെയോ, നീ എല്ലാറ്റിനും അതീതനാണ്. ഞങ്ങളുടെ ഇടയിലേക്കു വരുന്ന പരദേശിയെ സ്വീകരിക്കാൻ നീ ഞങ്ങളോടു ആഹ്വാനം ചെയ്യുന്നു. എല്ലാവരെയും നിന്റെ നാമധേയത്തിൽ സ്വീകരിച്ച്. നിന്റെ രാജ്യത്തെ നീതിയിൽ ജീവിച്ച്, സഹോദരങ്ങളെപ്പോലെ കഴിയാൻ നിന്റെ പരിശുദ്ധാരൂപിയാൽ ഞങ്ങളെ ശക്തിപ്പെടുത്തി സഹായിക്കണമേ. ഈ പ്രാർഥന യേശുവിന്റെ നാമത്തിൽ സമർപ്പിക്കുന്നു. ആമേൻ.

**രണ്ടാം ദിനം**

ഇനിമേൽ നീ അടിമയല്ല, പ്രിയപ്പെട്ട സഹോദരനാണ്. ഉൽപത്തി 1:26 -28. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു.

സങ്കീർത്തനം 10:1-10. കർത്താവേ, എന്തുകൊണ്ടാണ് അവിടന്ന് അകന്നു നില്ക്കുന്നത്?

ഫിലെമെൻ : ഇനിമേൽ അടിമയല്ല, അടിമയെക്കാൾ ഉന്നതൻ- പ്രിയപ്പെട്ട സഹോദരൻ

ലൂക്കാ 10:25-37. നല്ല സമരിയക്കാരന്റെ ഉപമ.



**പ്രാർഥന**

നന്മ തന്നെയായ ദൈവമേ, വില്പനച്ചരക്കുകളാക്കപ്പെട്ടവരുടെ പക്കലേക്ക് ഓടിയെത്തണമേ. അവിടന്ന് അവരുടെ അവസ്ഥ അറിയുന്നതായും അവരുടെ നിലവിളി കേൾക്കുന്നതായും അവർക്ക് ഉറപ്പ് നല്കണമേ.

ആരും ചൂഷണം ചെയ്യപ്പെടാത്തൊരുദിനം, എല്ലാവരും അന്തസ്സോടെ സമാധാനത്തിൽ സ്വതന്ത്രരായി ജീവിക്കുന്ന ഒരു ദിനം. അതു യാഥാർഥ്യവൽകരിക്കാൻ പ്രവർത്തിക്കുന്നതിനായി സഭാവിഭാഗങ്ങളെ സഹാനുഭൂതിയിലും സുധീരതയിലും സംയോജിപ്പിക്കണമേ. ഞങ്ങൾക്കു യാചിക്കാനും വിഭാവന ചെയ്യാനും സാധിക്കുന്ന അളവുകളെക്കാളേറെ ചെയ്യാൻ കഴിവുള്ള ത്രിത്വൈക ദൈവത്തിന്റെ നാമത്തിൽ ഞങ്ങളീ പ്രാർഥന സമർപ്പിക്കുന്നു. ആമേൻ

**മൂന്നാം ദിനം**

നിന്റെ ശരീരം പരിശുദ്ധാരൂപിയുടെ ആലയമാണ്. പുറപ്പാട് 3:4-10. മനുഷ്യരുടെ ദാസ്യത്തിലുള്ളവരെ ദൈവം സ്വതന്ത്രരാക്കുന്നു.

സങ്കീർത്തനം 24:1-6 അവിടുത്തെ അന്വേഷിക്കുന്ന ജനം ഞങ്ങളാണ്.

കോറിന്തോസ് 6:9-20. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുവിൻ.

മത്തായി 18:1-7 പ്രലോഭനഹേതുവാകുന്നവനു ദുരിതം!

**പ്രാർഥന**

അവിടുത്തെ സ്വർഗീയമായ ചൈതന്യത്താൽ, ദൈവമേ, ഞങ്ങളുടെ ശരീരത്തെയും മനസ്സിനെയും വീണ്ടെടുക്കണമേ. പരിശുദ്ധമായൊരു ഹൃദയവും മനസ്സും ഞങ്ങളിൽ നിർമിക്കണമേ. അതിലൂടെ അവിടത്തെ നാമം മഹത്ത്വീകരിക്കാൻ ഇടയാക്കണമേ.

അവിടുത്തെ ജനത്തിന്റെ വിശുദ്ധീകരണത്തിനായി സഭാവിഭാഗങ്ങൾ ഉദ്ദിഷ്ടലക്ഷ്യങ്ങളിൽ ഏകതാരൂപം കൈവരിക്കാൻ ഇടയാക്കണമേ. പരിശുദ്ധാരൂപിയുടെ ഐക്യത്തിൽ അങ്ങയോടൊപ്പം

എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർഥന സമർപ്പിക്കുന്നു. ആമേൻ

**നാലാം ദിനം**

**പ്രത്യാശയും സൗഖ്യദാനവും**

ഏശയ്യ 9:2-7. അവന്റെ ആധിപത്യം നിസ്സീമവും അവന്റെ സമാധാനം അനന്തവുമാണ്.

സങ്കീർത്തനം 34: 1 - 14. സമാധാനം അന്വേഷിച്ച് അതിനെ പിൻതുടരുവിൻ

വെളിപാട് 7: 13-17. ദൈവം അവരുടെ കണ്ണുകളിൽ നിന്നു കണ്ണീർ തുടച്ചുനീക്കും.

യോഹന്നാൻ 14:25-27. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു.

**പ്രാർഥന**

സാന്ത്വനത്തിന്റെയും പ്രത്യാശയുടെയും ദൈവമേ, അവിടത്തെ ഉത്ഥാനം കുരിശിലൂടെ ക്രൂരന്മാർ പ്രകടമാക്കിയ അക്രമത്തെ പരാജയപ്പെടുത്തിയല്ലോ. ലോകത്തിലെ അക്രമങ്ങൾ കീഴടക്കപ്പെടും എന്നതിന് അവിടത്തെ ജനം എന്ന നിലയിൽ ഞങ്ങൾ ദൃശ്യമായൊരു അടയാളമായിത്തീരട്ടെ. ഉത്ഥിതനായ ഞങ്ങളുടെ കർത്താവിന്റെ നാമത്തിൽ ഈ പ്രാർഥന സമർപ്പിക്കുന്നു. ആമേൻ

**അഞ്ചാം ദിനം**

ശ്രദ്ധിച്ചാലും, നാട്ടിൽ എല്ലാ തലങ്ങളിലും നിന്ന് നിർധനരായ എന്റെ ജനത്തിന്റെ ദീനരോദനം!

നിയമാവർത്തനം 1:19-35. കർത്താവ് നിങ്ങൾക്കുമുമ്പേ സഞ്ചരിച്ചു. നിങ്ങളെ അവിടുത്തെ കരങ്ങളിൽ വഹിച്ചു.

സങ്കീർത്തനം 145:9-20. കർത്താവ് വീഴുന്നവരെ താങ്ങുന്നു. നിലംപറ്റിയവരെ എഴുന്നേല്പിക്കുന്നു.



യാക്കോബ് 1:9-11. ധനവാൻ പുല്ലിന്റെ പൂവുപോലെ കടന്നുപോകും.

ലൂക്കാ 18:35-43. ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ.

**പ്രാർഥന**

സ്നേഹനിർഭരനായ ദൈവമേ, അവിടന്ന് നിർധനരെയും ക്ലേശിതരെയും ഉയർത്തുന്നു. അവരുടെ മാന്യതയും ശ്രേഷ്ഠതയും വീണ്ടെടുത്തുകൊടുക്കുന്നു. ലോകത്തിലുള്ള നിർധനർക്കായും ക്ലേശിതർക്കായും ഞങ്ങൾ ഉയർത്തുന്ന നിലവിളി ഇപ്പോൾ അവിടന്ന് കേൾക്കണമേ. അവിടത്തെ ജനം ഒന്നാകാനായി, ക്ലേശിതരുടെയും നിർധനരുടെയും പ്രതീക്ഷകൾ വീണ്ടെടുത്തു നല്കണമേ. അവരെ ഉയർത്തണമേ. യേശുവിന്റെ നാമത്തിൽ ഞങ്ങളീ പ്രാർഥന സമർപ്പിക്കുന്നു. ആമേൻ

**ആറാംദിനം**

നമുക്കു മറ്റുള്ളവരുടെ താൽപര്യങ്ങൾ അന്വേഷിക്കാം പരിഗണിക്കാം.

ഏശയ്യാ 25 : 1-9. അവിടന്ന് നല്കുന്ന രക്ഷയിൽ നമുക്കു സന്തോഷിച്ചുല്ലസിക്കാം.

സങ്കീർത്തനം 82. പീഡിതരുടെയും അഗതികളുടെയും അവകാശം സ്ഥാപിച്ചുകൊടുക്കുവിൻ.

ഫിലിപ്പി 2:1-4. ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ, മറിച്ച്, മറ്റുള്ളവരുടെ താൽപര്യവും പരിഗണിക്കണം.

ലൂക്കാ 12:13:21. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുവിൻ.

**പ്രാർഥന**

സർവശക്തനായ ദൈവമേ, ജനതകളിൽ ആധിപത്യം അടിച്ചേല്പിക്കുകയും അവരെ അമർച്ച ചെയ്തു പീഡിപ്പിക്കുകയും ചെയ്യുന്ന പശ്ചാത്തലങ്ങളിൽ, നീതിയും ധർമവും നിരന്തരം പ്രഘോഷിക്കാൻ അവിടത്തെ സഭയ്ക്കു ശക്തിയും ധൈര്യവും നല്കണ

മേ. ക്രിസ്തുവിൽ ഞങ്ങളുടെ ഐക്യം കൊണ്ടാടുമ്പോൾ, അന്യരുടെ അവകാശങ്ങളും ആവശ്യങ്ങളും പരിഗണിച്ചു പ്രവർത്തിക്കാൻ അവിടുത്തെ പരിശുദ്ധാരൂപി ഞങ്ങളെ സഹായിക്കട്ടെ. ആമേൻ.

**ഏഴാം ദിനം**

ഗാർഹിക തലത്തിലും സഭാതലത്തിലും കുടുംബാന്തരീക്ഷം വളർത്താം.

പുറപ്പാട് 2: 1-10. മോസസിന്റെ ജനനം.

സങ്കീർത്തനം 127. കർത്താവ് വീടുപണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർഥമാണ്.

ഹെബ്രായർ 11: 23. മോസസിനെ മാതാപിതാക്കന്മാർ ഒളിച്ചുവച്ചു. എന്തെന്നാൽ, കുട്ടി സുന്ദരനാണെന്ന് അവർ കണ്ടു.

മത്തായി 2: 13-15. ജോസഫ് ഉണർന്നു, ശിശുവിനെയും അമ്മയെയും കൂട്ടി, ആ രാത്രിതന്നെ, ഈജിപ്തിലേക്കു പോയി.

**പ്രാർഥന**

നന്മയുടെയും അനുഗ്രഹത്തിന്റെയും സ്രോതസ്സായ ദൈവമേ, അവിടന്ന് അവിടത്തെ പുത്രനെ മാനവരൂപം കൈകൊള്ളാനായി ഒരു സാധാരണ കുടുംബത്തിലേക്കാണല്ലോ അയച്ചത്. ആ കുടുംബത്തിന്റെ പൂർവികരിൽ വിശ്വസ്തരും പാപികളുമുണ്ടായിരുന്നു. ഗൃഹങ്ങൾക്കുള്ളിലെയും സമൂഹതലത്തിലെയും എല്ലാ കുടുംബങ്ങളിലും അവിടത്തെ അനുഗ്രഹങ്ങൾ വർഷിക്കണമേ. യേശുവിന്റെ നാമത്തിൽ ലോകം മുഴുവൻ വിശ്വസിക്കാനായി വിശ്വക്രൈസ്തവ കുടുംബത്തിന്റെ ഐക്യത്തിനായി ഞങ്ങൾ പ്രാർഥിക്കുന്നു. ആമേൻ.

**എട്ടാം ദിനം**

ചിതറിപ്പോയവരെ അവിടുന്ന് ഭൂമിയുടെ നാലുകോണുകളിലും നിന്ന് ഒരുമിച്ചുകൂട്ടും.

ഏശയ്യ 11:12-13. എഫ്രായിം യൂദായോട് അസൂയ പുലർത്തുകയോ യൂദാ എഫ്രായിമിനെ അലട്ടുകയോ ഇല്ല.



സങ്കീർത്തനം 106 : 114, 43-48. അവിടത്തെ പരിശുദ്ധ നാമത്തിനു കൃതജ്ഞതയർപ്പിക്കാൻ ഞങ്ങളെ ഒരുമിച്ചുകൂട്ടണമേ.

എഫേസോസ് 2: 13-19. വിഭജനത്തിന്റെയും ശത്രുതയുടെയും മതിലുകൾ അവൻ തകർത്തു.

യോഹന്നാൻ 17: 1-12. ഞാൻ അവരിൽ മഹത്ത്വപ്പെട്ടിരിക്കുന്നു.

**പ്രാർഥന**

കർത്താവേ, അവിടത്തെ അനുഗ്രഹത്താൽ ലോകമെമ്പാടുമുള്ള സഭാവിഭാഗങ്ങൾ അവിടത്തെ സമാധാനത്തിന്റെ ഉപകരണങ്ങളായി മാറട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. വിഭജിക്കപ്പെട്ട ജനതകൾക്കിടയിൽ അവിടുത്തെ സൗഖ്യദായകശക്തിയുടെയും അനുരഞ്ജിപ്പിക്കുന്ന സ്നേഹത്തിന്റെ പ്രതിനിധികളും പ്രവർത്തകരുമായുള്ള അവരുടെ സംഘാത പരിശ്രമങ്ങളിലൂടെ അവിടുത്തെ നാമം വിശുദ്ധീകൃതവും മഹത്ത്വീകൃതവും ആകട്ടെ എന്നു പ്രാർഥിക്കുന്നു. ആമേൻ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



# രൂപതക്കച്ചേരി

**C. 1/18 പുതുവത്സരാശംസകൾ**

ഏവർക്കും ആഗതമായിരിക്കുന്ന പുതുവത്സരത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ഐശ്വര്യപൂർണ്ണവും സമാധാന പൂർവ്വകവുമായ ജീവിതം എല്ലാവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Bishop*

**C. 2/18 പ്രായശ്ചിത്തമായി കുർബാന ചൊല്ലിക്കൽ**

2017 ഓഗസ്റ്റ് മാസം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച സീറോമലബാർ സിനഡിന്റെ തീരുമാനപ്രകാരം ധ്യാനം, കൗൺസിലിങ്ങ് തുടങ്ങിയ അവസരങ്ങളിൽ വിശ്വാസികൾക്ക് പ്രായശ്ചിത്തമായോ, മറ്റ് ഏതെങ്കിലും വിധത്തിലുള്ള ദോഷപരിഹാരമായോ ഗ്രിഗോറിയൻ കുർബാന ചൊല്ലിക്കുക, നേർച്ച കുർബാന ചൊല്ലിക്കുക തുടങ്ങിയവ ചെയ്യുവാൻ പാടുള്ളതല്ല. വചനപ്രഘോഷകരും, കൗൺസിലിങ്ങ് നടത്തുന്നവരും, പ്രത്യേകിച്ച് ധ്യാനകേന്ദ്രങ്ങളുടെ ചുമതലയുള്ളവരും ഈ കാര്യത്തിൽ ശ്രദ്ധ പുലർത്തണം (*Cf. Second Session of the XXV Synod, 2017*).

*Bishop*

**C. 3/18 സഭൈക്യ വാരം**

2018 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി സാർവ്വത്രികസഭയിൽ ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സഭൈക്യവാരം ഉചിതമായി ആചരിക്കേണ്ടതാണ് (Propria Vol.I, P.P 286 ff കാണുക).

*Bishop*

**C. 4/18 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം 2018



ഫെബ്രുവരി 6-ാം തീയതി അനുസ്മരിക്കുകയാണ്. പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം പ്രത്യേക അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

**C. 5/18 Monthly Recollection for Priests**

ജനുവരി മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 181 മുതൽ 188 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

**C. 6/18 വാർഷിക റിപ്പോർട്ട്**

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ ഇതിനോടകം ലഭിച്ചിരിക്കുമല്ലോ. ബന്ധപ്പെട്ടവർ ഇവ കൃത്യമായി പൂരിപ്പിച്ച് ജനുവരി 30 നകം അതാതു ഫൊറോനാ വികാരിമാരെ ഏൽപ്പിക്കേണ്ടതാണ്. റിപ്പോർട്ടിൽ വിവരങ്ങൾ കഴിയുന്നത്ര കൃത്യമായി ചേർക്കുമല്ലോ.

*Chancellor*

**C. 7/18 തിരുനാൾ ആശംസകൾ**

| | |
|---|---|
| റവ. ഫാ. ഇമ്മാനുവേൽ കുത്തനാപ്പിള്ളിൽ | - ജനുവരി 01 |
| ഫാ. കുര്യൻ കുര്യാസ് | - ജനുവരി 03 |
| ഫാ. കുര്യാക്കോസ് കാരയ്ക്കാട്ട് | - ” |
| ഫാ. സെബാസ്റ്റ്യൻ വടക്കേൽ | - ജനുവരി 20 |
| ഫാ. സെബാസ്റ്റ്യൻ മേലേട്ട് | - ” |
| ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ | - ” |
| ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ | - ” |
| ഫാ. സെബാസ്റ്റ്യൻ അമ്പാട്ടുകുന്നേൽ | - ” |
| ഫാ. സെബാസ്റ്റ്യൻ മത്തിശ്ശേരിൽ | - ” |

**C. 8/18 ഓഖി ദുരന്തബാധിതർക്ക് സഹായം**

| SL.NO. | PARISHES | AMOUNT |
|---|---|---|
| 1 | ADIMALI | 35000 |
| 2 | ANAKULAM | 9115 |
| 3 | ANTOPURAM | 15500 |
| 4 | ALPARA | 9600 |
| 5 | AYIRAMEKKAR | 26600 |
| 6 | ANACHAL | 16000 |
| 7 | ALPHONSANAGAR | 15100 |
| 8 | BETHEL | 20000 |
| 9 | BHOOMIYANKULAM | 15000 |
| 10 | BISONVALLEY | 20000 |
| 11 | CALVARYMOUNT | 47040 |
| 12 | CHEBALAM | 18567 |
| 13 | CHELLIAMPARA | 16550 |
| 14 | CHEMMANNAR | 25000 |
| 15 | CHEMPAKAPPARA | 12000 |
| 16 | CHINARNIRAPPU | 10000 |
| 17 | CHURULI | 15000 |
| 18 | EATTITHOPPE | 18500 |
| 19 | ELLAKKAL | 30000 |
| 20 | ERATTAYAR | 100000 |
| 21 | EZHUKUMVAYAL | 37500 |
| 22 | GEORGIYAR | 7000 |
| 23 | IDUKKI | 21050 |
| 24 | IRUMPUPALAM | 10000 |
| 25 | JOSEGIRI | 18000 |
| 26 | JOSEPURAM | 13410 |
| 27 | KAILASAM | 5000 |
| 28 | KALLAR | 13250 |
| 29 | KALLARKUTTY | 26000 |



| | | |
|---|---|---|
| 30 | KALLUPALAM | |
| 31 | KANAKAKKUNNU | 30000 |
| 32 | KANJIKUZHY | 54040 |
| 33 | KANTHIPPARA | 30000 |
| 34 | KANCHIYAR | 29250 |
| 35 | KARIMPAN | 19600 |
| 36 | KARITHODE | 52544 |
| 37 | KAMAKSHY | 44000 |
| 38 | KATTAKKALA | 3000 |
| 39 | KEERITHODE | 17744 |
| 40 | KILIYARKANDAM | 10752 |
| 41 | KARIKKUMTHOLAM | 7360 |
| 42 | KOMBAYAR | 10000 |
| 43 | KOOMPANPARA | 24500 |
| 44 | KOOMPANMALA | 10000 |
| 45 | KUZHIKANAM | 4500 |
| 46 | KORANDIKKAD | |
| 47 | KOZHIMALA | 6186 |
| 48 | KUNCHITHANNI | 12500 |
| 49 | KURISUPARA | 2500 |
| 50 | KUTHIRAKKALLU | 10000 |
| 51 | KARIMALA | 6500 |
| 52 | KUTHUPARA | 7500 |
| 53 | LOWER KULAMAVU | |
| 54 | MACHIPLAVU | 18000 |
| 55 | MAILADUMPARA | 21500 |
| 56 | MAKKUVALLY | |
| 57 | MANCHIKAVALA | |
| 58 | MANIYARANKUDY | 23570 |
| 59 | MANJAPPARA | 40500 |
| 60 | MANJAPPETTY | 16700 |

| | | |
|---|---|---|
| 61 | MANKULAM | 15000 |
| 62 | MANKADAVU | 3000 |
| 63 | MANKUVA | 15000 |
| 64 | MARIAPURAM | 50000 |
| 65 | MARYLAND | 11500 |
| 66 | MAVADY | 5000 |
| 67 | MUKKUDAM | 17450 |
| 68 | MULAKARAMEDU | 23450 |
| 69 | MULAKUVALLY | 15000 |
| 70 | MURICKASSERY | 40000 |
| 71 | MURICKUMTHOTTY | 55000 |
| 72 | MUNNAR | 3500 |
| 73 | MUTTUKADU | 19000 |
| 74 | NARAKAKKANAM | 25000 |
| 75 | NAZARATHVALLEY(Nalumukku) | 17000 |
| 76 | NAZRETH(PACHADY) | 21100 |
| 77 | NEDUMKANDAM | 50000 |
| 78 | NANKUTHOTTY | 25611 |
| 79 | NEELIVAYAL | 20801 |
| 80 | NELLIPPARA | 50000 |
| 81 | PAINAVU | 10517 |
| 82 | PALAR | 17750 |
| 83 | PALLANAD | |
| 84 | PANAMKUTTY | 15000 |
| 85 | PANDIPPARA | 25410 |
| 86 | PANICKANKUDY | 54050 |
| 87 | PANNIARKUTTY | 21027 |
| 88 | PARATHODE | 55500 |
| 89 | PAZHAYARIKANDOM | 20000 |
| 90 | PERINCHAMKUTTY | 22782 |
| 91 | PEZHUMKANDAM | 17000 |



| | | |
|---|---|---|
| 92 | PONMUDY | 50000 |
| 93 | POTTENKAD | 26630 |
| 94 | POTHUPARA | 16550 |
| 95 | PONNAMALA | 10000 |
| 96 | PUSHPAKANDAM | |
| 97 | RAJAKKADU | 100000 |
| 98 | RAJAKUMARY | 87000 |
| 99 | RAJAMUDY | 29000 |
| 100 | RAJAPURAM | 8800 |
| 101 | SAHAYAGIRI | 30000 |
| 102 | SANTHIGRAM | 22000 |
| 103 | SLEEVAMALA | 20266 |
| 104 | SNEHAGIRI | 23000 |
| 105 | THANKAMANY | 50000 |
| 106 | THANNIKKANDAM | 17000 |
| 107 | THATTEKKANNI | 3515 |
| 108 | THINKALKADU | |
| 109 | THOKKUPARA | 10000 |
| 110 | THOOKKUPALAM | 10172 |
| 111 | THOPRAMKUDY | 43550 |
| 112 | THOVARAYAR | 39430 |
| 113 | UDAYAGIRI | 10000 |
| 114 | UPPUTHODE | 40000 |
| 115 | VATHIKUDY | 7500 |
| 116 | VATTAPPARA | 10000 |
| 117 | VATTAYAR | |
| 118 | VAZHATHOPPE | 75000 |
| 119 | VAZHAVARA | 25000 |
| 120 | VELLATHOOVAL | 15300 |
| 121 | VELLAYAMKUDY | 151521 |

| | | |
|---|---|---|
| 122 | VENMANY | 23550 |
| 123 | VIMALAGIRI | 35060 |
| | **TOTAL** | **2869820** |
| | **OTHERS** | |
| 1 | SANJO COLLEGE MULLAKANAM | 2000 |
| 2 | HOLY CROSS CONVENT, NEDUMKANDOM | 25000 |
| 3 | FATHERS, BISHOP HOUSE | 4150 |
| 4 | OTHER CONTRIBUTION | 500 |
| | **TOTAL** | **31650** |
| | **GRAND TOTAL** | **2901470** |

ഇത് കൂടാതെ ബഹുമാനപ്പെട്ട ജോർജ് കൊല്ലംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ 5000 കിലോ അരിയും, 800 കിലോ തെയിലയും തിരുവനന്തപുരം അതിരൂപതയിൽ എത്തിച്ചിരുന്നു. ഏതാനും വൈദീകരുടെ നേതൃത്വത്തിൽ തിരുവനന്തപുരം അതിരൂപതയിലെ തുത്തൂർ ഫൊറോനയുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിലായി 200000 രൂപയുടെ അരിയും വിതരണം ചെയ്തു.

# ക്രിസ്തുജ്യോതി

**CJ. 1/18 A, B ഫോമുകൾ**

S.S.C., H.C.C. സ്കോളർഷിപ്പു പരീക്ഷകളുടെ A, B ഫോമുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി ജനുവരി 14 ആണ്.

**CJ. 2/18 പ്രാർത്ഥനാ ദിനവും സ്റ്റഡിഫോറവും**

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും ഓരോ ഇടവകയിലും നടത്തേണ്ടത് ജനുവരി 21 ന് ആണ്. ആരാധനാക്രമ വിശ്വാസ പരിശീലനം എന്ന ഗ്രന്ഥത്തിലെ പദവ്യാഖ്യാനം ആണ്



പഠനവിഷയം. ഫെബ്രുവരി മാസത്തിൽ 10-ാം ക്ലാസിലെ വേദപാഠ പുസ്തകം ടീച്ചേഴ്സ് ക്വിസിനായി ചർച്ച ചെയ്യണം

**CJ. 3/18 ഇടവക വിഹിതം**

2017-18 പ്രവർത്തന വർഷത്തിലെ ഇടവക വിഹിതം തന്നിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം തുക ക്രിസ്തുജ്യോതി ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**CJ. 4/18 വാർഷിക - സ്കോളർഷിപ് പരീക്ഷകൾ**

വാർഷിക പരീക്ഷക്ക് 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് മുഴുവൻ പാഠഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. എന്നാൽ മറ്റ് ക്ലാസുകളിലെ കുട്ടികൾക്ക് മൂന്നാം ടേമിൽ പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഭാഗത്തുനിന്നു മാത്രമേ ചോദ്യങ്ങൾ ഉണ്ടാവുകയുള്ളു.

**സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യ വിഭജന രീതി:**

പാഠപുസ്തകം - 65 % ചോദ്യങ്ങൾ
പൊതുവിജ്ഞാനം - 35 % ചോദ്യങ്ങൾ

4 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് മാർഗദീപം Vol II പുസ്തകത്തിൽ നിന്നും ആദ്യത്തെ 2 അദ്ധ്യായങ്ങളിൽ നിന്നും കൂദാശകൾ എന്ന 13-ാം അദ്ധ്യായത്തിൽ നിന്നും സഭാസംബന്ധമായ ആനുകാലിക കാര്യങ്ങളാണ് പൊതുവിജ്ഞാന ചോദ്യങ്ങളിൽ ഉണ്ടാവുക. 8, 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് മാർഗദീപം Vol II മുഴുവൻ അദ്ധ്യായങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**CJ. 5/18 സുവിശേഷോത്സവ് 2018**

കുട്ടികൾക്കായുള്ള സുവിശേഷോത്സവ് ക്ലാസുകൾ 2018 ഏപ്രിൽ 2 മുതൽ 6 വരെയാണ് നടക്കുക. മതാദ്ധ്യാപകർക്കുള്ള സുവിശേഷോത്സവ് പരിശീലന ക്ലാസുകൾ:-

24-02-18 - അടിമാലി : കൂമ്പൻപാറ, പാറത്തോട് ഫൊറോനകൾ.
03-03-18 - രാജാക്കാട് : രാജാക്കാട്, വെള്ളത്തൂവൽ ഫൊറോനകൾ.

10-03-18 - നെടുംകണ്ടം : നെടുംകണ്ടം ഫൊറോന.

17-03-18 - വെള്ളയാംകുടി : വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി ഫൊറോനകൾ.

24-03-18 - വാഴത്തോപ്പ് : വാഴത്തോപ്പ്, ചുരുളി ഫൊറോനകൾ.

എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും സുവിശേഷോത്സവ് പരിശീലന ക്ലാസുകളിൽ പങ്കെടുക്കേണ്ടതാണ്. പരിശീലന കേന്ദ്രങ്ങളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

## CJ. 6/18 'YES' Selection Test for Std VII

2018 ജനുവരി 28 ന് ഏഴാം ക്ലാസുകാർക്കുള്ള സെലക്ഷൻ ടെസ്റ്റ് നടത്തുന്നു. സെലക്ഷൻ ടെസ്റ്റിനുള്ള ചോദ്യപേപ്പറുകൾ അതാതു ഫൊറോനകളിൽ നിന്നും 27-ാം തീയതി ശനിയാഴ്ച ശേഖരിക്കേണ്ടതാണ്. പരീക്ഷാ സമയം ഉച്ചകുർബാനക്കുശേഷമായിരിക്കും (11.30-12.30).

**പഠനഭാഗം:** മാർഗദീപം ആദ്യത്തെ 10 അദ്ധ്യായങ്ങൾ, VII -ാം ക്ലാസ് പാഠപുസ്തകം + പൊതുവിജ്ഞാനം (30%), ക്രിയാത്മകത (30%), ഇന്റേണൽ (40%)

**മൂല്യനിർണയം**

അതാതു ഇടവകകളിലെ Yes ആനിമേറ്ററാണ് മൂല്യനിർണ്ണയം നടത്തേണ്ടത്. ബന്ധപ്പെട്ട അദ്ധ്യാപകരോട് ആലോചിച്ച് ഇന്റേണൽ മാർക്ക് നല്കേണ്ടത് വികാരിയച്ചനാണ്. ഇടവകയിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി രൂപതയിൽ നിന്നും നൽകുന്ന നിർദ്ദേശം അനുസരിച്ച് തിരഞ്ഞെടുത്തവരുടെ അപേക്ഷാഫോറം പൂരിപ്പിച്ച് രൂപതാ കേന്ദ്രത്തിലെത്തിക്കേണ്ടതാണ്.

S.M.C.C. 7-ാം ക്ലാസ്സിലെ സംസ്ഥാനതല ക്യാമ്പിലേക്ക് ഇനി മുതൽ കുട്ടികളെ തിരഞ്ഞെടുക്കുന്നത് Yes ക്യാമ്പിൽ നിന്നായിരിക്കും.



## CJ. 7/17 സ്റ്റഡിഫോറം മാതൃകാ ചോദ്യങ്ങൾ

**ആരാധനാക്രമ വിശ്വാസപരിശീലനം അദ്ധ്യായം 13**

1. അദ്ധ്യാത്മികജീവിതം ആദ്ധ്യാത്മികത എന്നീ രണ്ട് വാക്കുകൾക്ക് 13-ാം അദ്ധ്യായത്തിൽ നൽകുന്ന വ്യാഖ്യാനം എന്ത് ?

   ഉ. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, സൃഷ്ടിയിൽ ദൈവത്തിനുണ്ടായിരുന്ന പദ്ധതിപ്രകാരം ജീവിക്കുന്നതാണ് അദ്ധ്യാത്മികജീവിതം. അങ്ങനെ ജീവിക്കുമ്പോൾ ഉരുത്തിരിയുന്ന ജീവിത ശൈലിയാണ് ആദ്ധ്യാത്മികത.

2. ക്രിസ്തീയ ആദ്ധ്യാത്മികതയുടെ അഞ്ച് മാനങ്ങൾ ഏതെല്ലാം ?

   ഉ. ത്രിത്വകൂട്ടായ്മയിലുള്ള ജീവിതം, മിശിഹായിലുള്ള ജീവിതം, പരിശുദ്ധാത്മാവിലുള്ള ജീവിതം, സഭയിലുള്ള ജീവിതം, സമുഹത്തിലുള്ള ജീവിതം.

3. ക്രിസ്തീയ ജീവിതത്തിന്റെ തനിമയാർന്ന പ്രകാശനവും ക്രിസ്തീയ ജീവിതം കരുപിടിപ്പിക്കുവാനുള്ള വലിയ ഉപാധിയും .................. ആണ്. ഉ. ആരാധനക്രമം.

4. സഭയുടെ .................. ശുശ്രൂഷയിലൂടെയും .................. ശുശ്രൂഷയിലൂടെയും സഭ ആരാധനാസമൂഹമായി നിരന്തരം രൂപപെട്ടുകൊണ്ടിരിക്കണം. ഉ. വചന, കൂദാശ.

5. മിശിഹാ അനുഭവം സഭയിൽ കൈകാര്യം ചെയ്യപ്പെടുന്നത് ഏതെല്ലാം തലങ്ങളിലാണ്?

   ഉ. സ്വീകരിക്കുന്ന തലം, ജീവിക്കുന്ന തലം, ആഘോഷിക്കുന്ന തലം, പ്രകടമാക്കുന്ന തലം.

6. .................. സഭയുടെ ആരാധനാഘോഷങ്ങളിൽ പരിശീലകനായി പ്രവർത്തിക്കുന്നു. ഉ. മിശിഹാ

7. ദൈവം പഴയനിയമത്തിലും പുതിയ നിയമത്തിലും വെളിപ്പെടുത്തുകയും മിശിഹായുടെ മരണോത്ഥാനങ്ങളിലൂടെ പൂർത്തീകരിക്കുകയും ചെയ്ത രക്ഷാപദ്ധതിയെ .................. എന്നാണ് വി. പൗലോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നത്.

   ഉ. ദിവ്യരഹസ്യം (മിസ്തേരിയോൻ)

8. മിശിഹായിൽ പൂർത്തിയാക്കിയ രക്ഷാപദ്ധതിയെ .......................... എന്നാണ് സുറിയാനി പാരമ്പര്യം വിളിക്കുന്നത്.

ഉ. മ്ദബ്രാനൂസാ

9. .................. ആരംഭിച്ച് .................. പൂർത്തിയാക്കുന്ന രക്ഷാപദ്ധതിയുടെ രഹസ്യം പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ പ്രവർത്തനമാണ്.

ഉ. സൃഷ്ടിയിൽ ആരംഭിച്ച് ലോകാവസാനത്തിൽ പൂർത്തിയാക്കുന്ന.

10. .................. എന്ന പ്രാർത്ഥനാസമാപനം സീറോമലബാർ സഭയുടെ ആദ്ധ്യാത്മികതയുടെ ത്രിത്വൈകമാനത്തിന്റെ പ്രകാശനമാണ്.

ഉ. പിതാവിനും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

11. വചനശുശ്രൂഷയുടെ ഏതു ഭാഗത്താണ് ഉത്ഥിതനായ മിശിഹാ സന്നിഹിതനാകുന്നതും നമ്മോട് സംസാരിക്കുന്നതും.

ഉ. വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ.

12. ക്രിസ്തീയ കാഴ്ചപ്പാടിൽ ആദ്ധ്യാത്മികത മനുഷ്യൻ ദൈവത്തെ തേടുന്നതിലുപരി എന്താണ്?

ഉ. ദൈവം മനുഷ്യനെ തേടിയിറങ്ങിവരുന്നതാണ്.

**മനപ്പാഠമാക്കുക**

13. **മാമ്മോദീസാ** – മിശിഹായുടെ ശരീരമായ സഭാ പ്രവേശനത്തിന്റെ കൂദാശയെ പ്രഖ്യാപിക്കുന്നു.

14. **തൈലാഭിഷേകം** – വിശ്വാസ ജീവിതത്തിൽ അതവാ അരൂപിയുടെ ജീവിതത്തിൽ സഭാംഗങ്ങളെ പൂർണ്ണരാക്കുന്നു.

15. **വി. കുർബാന** – മിശിഹായുടെ ശരീരമായ സഭയെന്ന നിലയിൽ പൂർണ്ണമായി മിശിഹായോട് നമ്മെ ഐക്യപ്പെടുത്തുന്നു.

16. **കുമ്പസാരം** – ദൈവത്തിലേക്കും സഹോദരരിലേക്കുമുള്ള തിരിച്ചുവരവിലേക്ക് നയിക്കുന്നു.

17. **തിരുപ്പട്ടം** – സഭാഗാത്രത്തിലുള്ള ശുശ്രൂഷാദൗത്യം പ്രഖ്യാപിക്കുന്നു.

18. **വിവാഹം** – സഭയേയും സമൂഹത്തേയും ശുശ്രൂഷിക്കുവാനും വളർത്തുവാനുമുള്ള സമർപ്പണത്തിലേക്ക് നയിക്കുന്നു.



19. **രോഗീലേപനം** – സഭാംഗങ്ങളുടെ അത്മീകവും ശാരീരികവുമായ സൗഖ്യത്തെയും പ്രഖ്യാപിക്കുന്നു.

20. സമയത്തിനും കാലത്തിനും അനുസരിച്ചുള്ള വിശ്വാസപ്രഘോഷണം ? ഉ. യാമപ്രാർത്ഥന.

# സോഷ്യൽ സർവ്വീസ്

## SS 1/18 ദേശീയ ഊർജസംരക്ഷണ റാലി കുഞ്ചിത്തണ്ണിയിൽ

എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെയും സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡെവലപ്മെന്റിന്റെയും സഹകരണത്തോടെ ഡിസംബർ 14 ന് ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഊർജസംരക്ഷണ ദിനം ആചരിച്ചു. വെള്ളത്തൂവൽ പഞ്ചായത്തിലെ കുഞ്ചിത്തണ്ണി ടൗണിൽ നടന്ന പരിപാടിയിൽ വാർഡ് മെമ്പർ ശോഭ കുഞ്ഞുമോൻ അദ്ധ്യക്ഷയായിരുന്നു. വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിജീഷ് ടി.ആർ. ഉദ്ഘാടനം ചെയ്തു. മർച്ചന്റ് അസ്സോസിയേഷൻ പ്രസിഡന്റ്ജയിംസ് വർഗ്ഗീസ് മുഖ്യ പ്രഭാഷണം നടത്തി. ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കോഡിനേറ്റർ, അനിമേറ്റർ മേരിക്കുട്ടി സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന ഊർജസംരക്ഷണ റാലിക്ക് പഞ്ചായത്ത് പ്രസിഡന്റ് ഫ്ളാഗ് ഓഫ് ചെയ്തു. വെള്ളത്തൂവൽ, ബൈസൺവാലി പഞ്ചായത്തുകളിൽ നിന്നായി നൂറോളം ആളുകൾ പങ്കെടുത്തു. പരിപാടികൾക്ക് കോഡിനേറ്റർമാരായ എബിൻ കുറുന്താനത്ത്, ബ്ര. അജിത്ത് മടിയ്ക്കാങ്കൽ എന്നിവർ നേതൃത്വം നൽകി.

## SS 2/18 ഹരിതനിറവ്, ഹരിതഗ്രാമം പദ്ധതി

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിതനിറവ് പദ്ധതിയിൽ കാർഷിക അഭിവൃദ്ധി വരുത്തുന്നതിനായി ഡിസംബർ മാസത്തിൽ, രാജമുടി യൂണിറ്റിൽ 12 പേർക്ക് 4,89,353/– രൂപയും,കനകക്കുന്ന് യൂണിറ്റിൽ 13 പേർക്ക് 5,97,400/– രൂപയും,

ഹരിതഗ്രാമം പദ്ധതിയിൽ മഞ്ഞപ്പാറ യൂണിറ്റിൽ 14 പേർക്ക് 4,60,000/- രൂപയുംവായ്പ നൽകി.

## SS 3/18 ലോകഭിന്നശേഷി ദിനാചരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ശാരീരിക മാനസിക ന്യൂനതയുള്ളവരുടെ ഉന്നമനത്തിനായി ആരംഭിച്ച തീരം കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 2 ന് കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് ലോകഭിന്നശേഷി ദിനാചരണം ശ്രീ. റോഷി അഗസ്റ്റ്യൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. തീരത്തിന്റെ ഭാഗമായ സ്വാശ്രയ സംഘങ്ങളിൽനിന്ന് നൂറോളം അംഗങ്ങൾ പങ്കെടുത്തു. ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ അദ്ധ്യക്ഷനായിരുന്നസമ്മേളനത്തിൽ വാഴത്തോപ്പ് പഞ്ചായത്ത് പ്രസിഡന്റ് ആൻസി തോമസ് മുഖ്യപ്രഭാഷണം നടത്തി. തീരം മുൻ കോർഡിനേറ്റർ ഫാ. ജോസ് കാവുങ്കൽ യോഗത്തിന് സന്ദേശം നൽകി. തീരം പ്രസിഡന്റ് ജോബ് കലമറ്റം, കരിമ്പൻ പള്ളി വികാരി ഫാ. മാത്യു ഞവരക്കാട്ട്, ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് കുഞ്ഞമ്മ തോമസ് എന്നിവർ യോഗത്തിന് ആശംസ നേർന്നു. തീരം സംഘടനയിലെ മികച്ച സംരംഭത്തിനുള്ള ഈ വർഷത്തെ അവാർഡ് കാരുണ്യ എസ്.എച്ച്.ജി. തോപ്രാംകുടിക്കും, മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് ഏയ്ഞ്ചൽ എസ്.എച്ച്.ജി. ചുരുളിക്കും, മികച്ച സംരംഭകനുള്ള അവാർഡ് ജോഷി ഫിലിപ്പ് വള്ളിയാംതടത്തിൽ സാന്ത്വന എസ്.എച്ച്.ജി. മുരിക്കാശ്ശേരിക്കും നൽകി. എസ്.എസ്.എൽ.സി.ക്ക് ഫുൾ എ പ്ലസ്സ് നേടിയ അനുപ്രിയ ദേവസ്യ, ഏയ്ഞ്ചൽ എസ്.എച്ച്.ജി. ചുരുളിക്ക് ക്യാഷ് അവാർഡ് നൽകി. ജീവിത വിജയത്തിന് അടിസ്ഥാന നിയമങ്ങൾ എന്ന വിഷയത്തിൽ ശ്രീ. ജോയി പ്ലാത്തറ ക്ലാസ്സ് നയിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ വർക്കും സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. സ്നേഹവിരുന്നോടെ 1.30 ന് യോഗം അവസാനിച്ചു. പരിപാടികൾക്ക് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കോർഡിനേറ്റർമാരായ എബിൻ കുറുന്താനത്ത്, ബിബിൻ തോമസ് എന്നിവർ നേതൃത്വം നൽകി.



## SS 4/18 സ്പൈസസ് പ്രൊഡ്യൂസർ കമ്പനി

ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയുടെ ജനറൽ ബോഡിയോഗം ഡിസംബർ 9 ന് രാവിലെ 10.30 ന് കരിമ്പൻ പാരീഷ് ഹാളിൽ കൂടി. ചെയർമാൻ അഗസ്റ്റ്യൻ കൂനമ്പാറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കമ്പനിയുടെ റിപ്പോർട്ട്, കണക്ക് ഇവ അവതരിപ്പിച്ചു. പ്രവർത്തന പരിപാടികൾ വിലയിരുത്തി. ഇടുക്കി സ്പൈസസ് എന്ന പേരിൽ തടിയമ്പാട് എസ്.ആർ.എം. ജംഗ്ഷനിൽ ഒരു വിപണന കേന്ദ്രം നബാർഡിന്റെ സഹകരണത്തോടെ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, സി.ആർ. വിനോദ്, സിബി മാളിയേക്കൽ എന്നിവർ നേതൃത്വം നൽകി.

ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനിയുടെ സുഗമമായ പ്രവർത്തനങ്ങളെപ്പറ്റി ആലോചിക്കുന്നതിന് 2 യോഗങ്ങൾ മാവടിയിലെ സംസ്ക്കരണകേന്ദ്രത്തിൽ നടന്നു.

## SS 5/18 വട്ടവടയിൽ പച്ചക്കറി കൃഷി, വിപണനം

വട്ടവട മേഖലയിൽ രൂപീകൃതമായ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ വിഷരഹിത പച്ചക്കറി കൃഷിയും, പഴകൃഷിയും ആരംഭിക്കുന്നതിനെപ്പറ്റി ഡിസംബർ 2 നും 15 നും 2 യോഗങ്ങൾ നടന്നു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ഫാ. തോമസ് കുളമാക്കൽ, സി. നിസി, സി. ആൻ മേരി, എബിൻ കുറുന്താനത്ത്, ആന്റണി എറണാകുളംഎന്നിവർ നേതൃത്വം നൽകി.

## SS 6/18 ഇടുക്കി സ്പൈസസ്

സ്പൈസസ്,ഡ്രൈ ഫ്രൂട്ട്സ്, ചായ, കാപ്പി തുടങ്ങിയ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ തടിയമ്പാട് അടുത്ത് എസ്.ആർ.എം. ജംഗ്ഷനിൽ ഒരു പുതിയ കട ''ഇടുക്കി സ്പൈസസ്'' എന്ന പേരിൽ ഡിസംബർ 30 ന് ആരംഭിച്ചു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്ന ഈ കേന്ദ്രത്തിന്റെ പ്രവർത്തന മേൽനോട്ടം ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിക്കാണ്.

## SS 7/18 ആദിവാസികൾക്ക് ജീവാ മിൽക്കിന്റെ സഹായം

മറയൂർ കൂടയ്ക്കാട്ടുകുടി ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി ആദിവാസികൾ വളർത്തുന്ന മൃഗങ്ങളുടെ പാൽ സംഭരിച്ച് വിപണനം നടത്തുന്നതിന് തുടക്കം കുറിച്ചു. ഗിരിജ്യോതി എൽ.പി. സ്കൂളിനോട് അനുബന്ധിച്ച് കളക്ഷൻ സെന്റർ ആരംഭിച്ച് സംഭരിക്കുന്ന പാൽ മറയൂർ ടൗണിൽ തന്നെ വിപണനം ചെയ്യുന്നതിനാണ് ക്രമീകരണം. ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് പരിശീലനം നല്കുന്നതിന് ജീവാ മിൽക്ക് ഡയറക്ടർ ഫാ. ജോസ് മൂർക്കാട്ടിൽ, സിബി പൈങ്ങോട്ടൂർ എന്നിവർ നേതൃത്വം നൽകി. പാൽ സംഭരണത്തിന് ആവശ്യമായ ഉപകരണങ്ങൾ ജീവ മിൽക്ക് സൗജന്യമായി നൽകി.

ഡിസംബർ 22 ന് സ്കൂളിൽ നടന്ന പരിപാടിയിൽ 200 ഓളം പേർ പങ്കെടുത്തു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, സിബി തോമസ്, മായ ദേവി, എബിൻ കുറുന്താനത്ത്, സണ്ണി മൈലാടൂർ എന്നിവർ നേതൃത്വം നൽകി.

# തിരുബാലസഖ്യം

## HC 1/18 പുതുവത്സരാശംസകൾ

ഈശോയുടെ എല്ലാ കുഞ്ഞുങ്ങൾക്കും പുതുവത്സരാശംസകൾ. എല്ലാവർക്കും നല്ലൊരു വർഷം ആശംസിക്കുന്നു.

## HC 2/18 കൈയ്യെഴുത്ത് മാസിക മത്സരം

കുട്ടികളുടെ കൈയ്യെഴുത്തുമാസിക ഇനിയും ആരെങ്കിലും തരാനുണ്ടെങ്കിൽ ഉടനെതന്നെ രൂപതാ ഡയറക്ടറെ അറിയിക്കുക.

## HC 3/18 വാർഷിക റിപ്പോർട്ട്

വാർഷിക റിപ്പോർട്ടിന്റെ ഫോം ഇനിയും ആർക്കെങ്കിലും കിട്ടാനുണ്ടെങ്കിൽ ഉടനെ തന്നെ രൂപതാ ഓഫീസിൽ നിന്നും വാങ്ങുക.



# ചെറുപുഷ്പ മിഷൻലീഗ്

## CML 1/18 മെഗാ ക്വിസ്

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2018 ജനുവരി മാസം 26-ാം തീയതി ആയിരമേക്കർ സെന്റ് തോമസ് പാരീഷ്ഹാളിൽ വച്ച് മെഗാക്വിസ് നടത്തപ്പെടുന്നു. ഓരോ ഇടവകയിൽനിന്നും 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽനിന്ന് രണ്ടുപേർ അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്. മെഗാക്വിസിൽ പങ്കെടുക്കുന്ന ടീമുകളുടെ രജിസ്ട്രേഷൻ 2018 ജനുവരി 15-ാം തീയതിക്കകം പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷനായി രൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ക്വിസ് മത്സരം രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്.

പഠനഭാഗം : നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10,
വി. മത്തായി 10-18, വെളിപാട് 10-16 അദ്ധ്യായങ്ങൾ.

## CML 2/18 ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

സി.എം.എൽ. ഇടുക്കി രൂപതയിലെ ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സിന്റെ സഗമം 2018 ജനുവരി 26-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ആയിരമേക്കർ സെന്റ് തോമസ് പാരീഷ്ഹാളിൽ നടത്തപ്പെടുന്നു. ശാഖാ, മേഖലാ ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സ് പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

## CML 3/17 കയ്യെഴുത്ത് മാസിക

രൂപതാതല കയ്യെഴുത്ത് മാസിക മത്സരത്തിനായി ശാഖകളിൽ തയ്യാറാക്കുന്ന കയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം ജനുവരി 26 ആണ്. കയ്യെഴുത്ത് മാസികയുടെ നിബന്ധനകൾ:

1. ഒരു ശാഖയിൽനിന്ന് ഒരു കയ്യെഴുത്ത് മാസിക മാത്രമേ തയ്യാറാക്കി നല്കാവൂ.

2. കയ്യെഴുത്ത് മാസിക ക്രൈസ്തവ മൂല്യം ഉൾക്കൊള്ളുന്നതായിരിക്കണം.
3. സി.എം.എൽ. അംഗങ്ങൾ തന്നെയായിരിക്കണം മാസിക തയ്യാറാക്കേണ്ടത്.
4. പേജുകളുടെ എണ്ണം 100 ൽ കുറയരുത്.
5. A4 പേപ്പർ ഉപയോഗിച്ചായിരിക്കണം മാസിക തയ്യാറാക്കേണ്ടത്.

## കെ.സി.എസ്.എൽ.

**KCSL 1/17 സംസ്ഥാന കലോത്സവം**

2018 ജനുവരി 13, രണ്ടാം ശനിയാഴ്ച കൊല്ലം രൂപയിലെ സെന്റ് അലോഷ്യസ് ഹയർസെക്കണ്ടറി സ്കൂളിൽ നടക്കുന്ന സംസ്ഥാന കലോത്സവത്തിൽ 49 ഇനങ്ങളിലായി 133 കുട്ടികൾ നമ്മുടെ രൂപതയിൽനിന്ന് പങ്കെടുക്കുന്നു. ജനുവരി 12 വെള്ളിയാഴ്ച ഉച്ചയ്ക്കുമുമ്പ് കൊല്ലത്തിന് പുറപ്പെടുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ നേരിട്ട് അറിയിക്കുന്നതാണ്. മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നതിനായി എല്ലാവരും പ്രാർത്ഥിക്കുമല്ലോ.

**KCSL 2/18 രൂപതാ കിഡ്സ് കലോത്സവം & മെഗാക്വിസ്**

എൽ.പി. സ്കൂളുകളിലെ കുട്ടികൾക്കായി നടത്തുന്ന കെ. സി.എസ്.എൽ. കിഡ്സ് കലോത്സവവും മെഗാക്വിസും ജനുവരി 26-ാം തീയതി വെള്ളിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ. പി. സ്കൂളിൽ നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് ഒരിനത്തിന് 10 രൂപ. രജിസ്ട്രേഷൻ സമയം: 9.30 am; ഉദ്ഘാടനം: 9.45 am; മത്സരം: 10.00 am. നിർദ്ദേശങ്ങൾ മാർഗ്ഗരേഖ പേജ് നമ്പർ 27, 28 കാണുക. അന്നേദിവസം ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്കായി നടത്തുന്ന മത്സരങ്ങളിൽ അവസരോചിതമായി പങ്കെടുക്കാവുന്നതാണ്.

**KCSL 3/18 അഭിനന്ദനങ്ങൾ**

സംസ്ഥാന കെ.സി.എസ്.എൽ. ദിനാഘോഷം വർണ്ണാഭമാക്കിയ പണിക്കൻകുടി ക്യൂൻ മേരി പബ്ലിക് സ്കൂൾ അധികൃതർക്ക് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



**KCSL 4/18 നന്ദി**

കെ.സി.എസ്.എൽ. സംഘടനയുടെ ഓഫീസ് സെക്രട്ടറിയായി കഴിഞ്ഞ 6 മാസം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പ്രിയപ്പെട്ട അജിത്ത് മടിക്കാങ്കൽ ബ്രദറിന് കെ.സി.എസ്.എൽ. കുടുംബത്തിന്റെ അകൈതവമായ നന്ദി.

**KCSL 5/18 സ്വാഗതം**

സംഘടനയുടെ പുതിയ ഓഫീസ് സെക്രട്ടറിയായി നിയമിതനായ പ്രിയപ്പെട്ട ആൽവിൻ കൊമ്പനാംതോട്ടം ബ്രദറിന് കെ.സി. എസ്.എൽ. കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം, പ്രാർത്ഥനാശംസകൾ.

**KCSL 6/18 ക്രിസ്തുമസ് പുതുവത്സരാശംസകൾ**

സംഘടനയുടെ ലക്ഷ്യനിർവ്വഹണത്തിനായി ഞങ്ങളോടൊപ്പം ആയിരിക്കുന്ന എല്ലാ മേലധികാരികൾക്കും, സ്കൂൾ അധികൃതർക്കും, ആനിമേറ്റേഴ്സിനും, പ്രിയപ്പെട്ട കെ.സി.എസ്.എൽ. അംഗങ്ങൾക്കും കെ.സി.എസ്.എൽ. കുടുംബത്തിന്റെ ക്രിസ്തുമസ്, പുതുവത്സര ആശംസകൾ.

## കെ.സി.വൈ.എം.

**KCYM 1/18 ക്രിസ്തുമസ് ആഘോഷം**

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മച്ചിപ്ലാവ് കാർമ്മൽജ്യോതി സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കൊപ്പം ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. കെ.സി.വൈ.എം. ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാറക്കടവിൽ ക്രിസ്തുമസ് സന്ദേശം നൽകി. മച്ചിപ്ലാവ് ഇടവക വികാരി ഫാ. ജെയിംസ് മാക്കിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

കെ.സി.വൈ.എം. ഇടുക്കി രൂപതാ പ്രസിഡന്റ് ആൽബിൻ വറപോളയിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ആനിമേറ്റർ സി. ടെസ്സിൻ എഫ്.സി.സി., സാബു കുന്നുംപുറത്ത്, അരുൺ ആന്റണി, ജോയൽ പന്നയ്ക്കൽ, എലിസബത്ത് ജോസഫ്, ജിബിൻ സേവ്യർ, ജോമോൾ ജോസ്, അഞ്ജലി അൽഫോൻസ് ജോൺ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## മാതൃവേദി

**MV 1/18 ലീഡേഴ്സ് മീറ്റ്**

മാതൃവേദി ഇടുക്കി രൂപതാ ലീഡേഴ്സ് മീറ്റ് 2017 ഡിസംബർ 09-ാം തീയതി ആയിരമേക്കർ സെന്റ് തോമസ് പാരീഷ്ഹാളിൽ നടന്നു.

**MV 2/18 സുകൃതം ഡയാലിസിസ് കെയർ & തുടർചികിത്സാ പദ്ധതി**

ഇടുക്കി രൂപതാ മാതൃവേദിയുടെ ശക്തമായ ജീവകാരുണ്യ മുന്നേറ്റമാണിത്. ഇതിനോടകം 20 ഡയാലിസിസ് രോഗികളേയും 60 കിടപ്പുരോഗികളേയും സഹായിക്കുന്നു. ഒരു തവണ ഡയാലിസിസ് ചെയ്യുന്നതിന് 1000 രൂപാ ചിലവാകുന്നു. സന്മനസുള്ള അമ്മമാരെ ഒരു ഡയാലിസിസിന് സംഭാവന ചെയ്യാൻ പ്രോത്സാഹിപ്പിക്കുമല്ലോ. ഓരോ യൂണിറ്റും വർഷത്തിൽ ഒരു ഡയാലിസിസ് സംഭാവന ചെയ്യേണ്ടതാണ്. അത് മെയ് 30 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**MV 3/18 ബൈബിൾ കയ്യെഴുത്ത്**

ബൈബിൾ കയ്യെഴുത്ത് സമർപ്പിക്കേണ്ട അവസാന തീയതി 2017 ഡിസംബർ 31 ആണ്. അതാതു മേഖലയിൽ 31-ാം തീയതി 4 മണിക്ക് മുമ്പായി സുരക്ഷിതമായി പൊതിഞ്ഞ് യൂണിറ്റിന്റെ പേരെഴുതി ഏൽപ്പിക്കേണ്ടതാണ്. രജിസ്റ്റർ നമ്പറുകളാണ് കയ്യെഴുത്തു



പ്രതിയിൽ എഴുതേണ്ടത്. അതു കയ്യെഴുത്തു പ്രതിയുടെ പിൻവശത്താണ് ഒട്ടിക്കേണ്ടത്.

**MV 4/18 റിപ്പോർട്ടുകൾ**

യൂണിറ്റിന്റെ വാർഷിക റിപ്പോർട്ട്, പച്ചക്കറിത്തോട്ടത്തിന്റെ റിപ്പോർട്ട്, അമ്മമനസ് റിപ്പോർട്ട് ഇവ ഡിസംബർ 31 ന് മുമ്പായി എത്തിക്കേണ്ടതാണ്. ഇവ കയ്യെഴുത്ത് പ്രതിയോടൊപ്പം സുരക്ഷിതമായി മേഖലയിൽ എത്തിച്ചാലും മതിയാകും.

**MV 5/18 വാർഷികം**

മാതൃവേദി വാർഷികം 2018 ജനുവരി 26 ന് നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് പാരിഷ്ഹാളിൽ നടത്തപ്പെടുന്നു. ഓരോ യൂണിറ്റിൽ നിന്നും എല്ലാ മോഡറേറ്റർ സിസ്റ്റർമാരും കൂടാതെ അഞ്ച് അമ്മമാരും പങ്കെടുക്കേണ്ടതാണ്.

*9.30ന് വി. കുർബാന, 10.30ന് മീറ്റിങ്ങ്.*

**MV 6/18 ലോഗോസ് ക്വിസ്**

ഈ വർഷം ലോഗോസ് ക്വിസിന് 90 മാർക്കിൽ കൂടുതൽ വാങ്ങിയ അമ്മമാരുടെ പേരുവിവരങ്ങൾ ഡിസംബർ 31 ന് മുമ്പായി എത്തിക്കുമല്ലോ.

**MV 7/18 രൂപതാ വിഹിതം**

മാതൃവേദി രൂപതാ വിഹിതം താഴെ പറയുംവിധം പുനക്രമീകരിച്ചിരിക്കുകയാണ്. 250 വീടുകളിൽ കുറവുള്ള ഇടവകകളിൽനിന്നും 1000 രൂപയും, 250 നും 500 നും ഇടയിൽ വീടുകളുള്ള ഇടവകകളിൽനിന്നും 1500 രൂപയും, 500 ൽ കൂടുതൽ വീടുകളുള്ള ഇടവകകളിൽനിന്നും 2000 രൂപയുമായിരിക്കും. വിഹിതം വാർഷികത്തിന് വരുമ്പോൾ കൊണ്ടുവരുമല്ലോ.

**MV 8/18 ട്രോഫികൾ തിരിച്ചെത്തിക്കുമല്ലോ**

കഴിഞ്ഞ വർഷം വിജയികൾക്ക് ലഭിച്ച ട്രോഫികൾ ദയവായി 2018 ജനുവരി 10 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ.

# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 1/18 തിരഞ്ഞെടുത്തു**

കഴിഞ്ഞമാസം 18-ാം തീയതി കനകക്കുന്ന് സെന്റ് ജൂഡ് പള്ളിയിൽ നടന്ന ലീഡേഴ്സ് കോൺഫ്രൻസിൽ വച്ച് 2018-19 വർഷത്തേയ്ക്കുള്ള കരിസ്മാറ്റിക് നവീകരണത്തിന് നേതൃത്വം നൽകുന്നതിന് പുതിയ സോണൽ സർവ്വീസ് ടീമിനെ തിരഞ്ഞെടുത്തു.

രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കൽ നേതൃത്വം നൽകുന്ന ടീമിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടവർ.

1. **ആനിമേറ്റർ** - സി. മേബിൾ സി.എം.സി., മങ്കുവ
2. **കോർഡിനേറ്റർ** - ശ്രീ. ജോസ്കുട്ടി ചക്കുങ്കൽ, ബഥേൽ
3. **സെക്രട്ടറി** - ശ്രീ. ജെയ്മോൻ തൊട്ടിയിൽ, മുളകുവള്ളി
4. **ട്രഷർ** - ശ്രീ. കുര്യാക്കോസ് ചിറപ്പുറത്ത്, മുരിക്കാശ്ശേരി
5. **ടീം അംഗങ്ങൾ**

1. ശ്രീ. ഷാജി ഈഴക്കുന്നേൽ, രാജാക്കാട്
2. ശ്രീ. സജി കളരിക്കൽ, കൂമ്പൻപാറ
3. ശ്രീ. ഷെറിൻ പൊരുന്നോലിൽ, രാജമുടി
4. ശ്രീമതി സെലിൻ ജോണി കാനത്തിൽ, പാറത്തോട്
5. ശ്രീമതി ലിസി ബേബി കുളങ്ങര, മുട്ടുകാട്
6. ശ്രീമതി ലില്ലിക്കുട്ടി ദേവസ്യാച്ചൻ പറേക്കുന്നേൽ, കരിമ്പൻ

കൂടാതെ നിലവിലുള്ള KST വൈസ്ചെയർമാൻ ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ, ശ്രീ സണ്ണി വളവനാൽ (ഓൾ കേരള പാരീഷ് മിനിസ്ട്രി കോർഡിനേറ്റർ) എന്നിവരും സർവ്വീസ് ടീമിന്റെ ഭാഗമായിരിക്കും.

**PG 2/18 ട്രെയിനിങ്ങ് പ്രോഗ്രാം**

2018 ജനുവരി മാസം 9, 10 തീയതികളിൽ എറണാകുളം എമ്മാവൂസിൽ നടക്കുന്ന ഓൾകേരള സർവ്വീസ് ടീം ട്രെയിനിങ്ങ് പ്രോഗ്രാമിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഇടുക്കി സോണൽ സർവ്വീസ് ടീം അംഗങ്ങൾ പങ്കെടുക്കുന്നു.



**PG 3/18 സോണൽ മദ്ധ്യസ്ഥപ്രാർത്ഥന**

2018 ജനുവരി 16-ാം തീയതി രാവിലെ 10 മണിമുതൽ ഉച്ച കഴിഞ്ഞ് 3 മണിവരെ കനകക്കുന്ന് സെന്റ് ജൂഡ് പള്ളിയിൽ ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും ഫാ. ജോസഫ് കോയിക്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

# കത്തോലിക്കാ കോൺഗ്രസ്

**AKCC 1/18 അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട മുൻ രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കലിന് ഇടുക്കി രൂപതാ കമ്മറ്റിയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

**AKCC 2/18 ഗ്ലോബൽ സമിതി പ്രവർത്തന ഉദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസ്സിന്റെ ലോകമെമ്പാടുമുള്ള രൂപതാ പ്രതിനിധികളുടെ സംഗമമായ ഗ്ലോബൽ സമിതിയുടെ ഉദ്ഘാടനം ഡിസംബർ 9 ന് മൗണ്ട് സെന്റ് തോമസ് കാക്കനാട് നടന്നു. പ്രസ്തുത സമ്മേളനത്തിനു ഇടുക്കി രൂപതയിൽ നിന്ന് 50 പ്രതിനിധികൾ പങ്കെടുത്തു.

**AKCC 3/18 യൂണിറ്റ് രൂപീകരിച്ചു**

കത്തോലിക്കാ കോൺഗ്രസ്സിന്റെ പുതിയ യൂണിറ്റ് രാജകുമാരിയിൽ ആരംഭിച്ചു. പ്രസ്തുത മീറ്റിംഗിന് ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം, ശ്രീ. ജോർജ് കോയിക്കൽ എന്നിവർ നേതൃത്വം നൽകി.

**AKCC 4/18 കരോൾ ആക്രമണത്തിൽ പ്രതിഷേധിച്ചു**

സാറ്റ്നായിൽ ക്രിസ്തുമസ് കരോളിന്റെ നേർക്കുണ്ടായ ആക്രമണത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് ഇടുക്കി രൂപത പ്രതിഷേധം അറിയിച്ചു.

## ഗ്ലോബൽ വർക്കിംഗ് കമ്മറ്റി

കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ പ്രഥമ വർക്കിംഗ് കമ്മറ്റിയിൽ ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് ശ്രീ. ജോർജ് കോയിക്കൽ, ജോസഫ് കുര്യൻ ഏറമ്പടം എന്നിവർ പങ്കെടുത്തു.

# കരുണ ആശുപത്രി

### ഡെങ്കിപനി

മുൻ വർഷങ്ങളെ അപേക്ഷിച്ച് ഹൈറേഞ്ച് മേഖലയിൽ ഡെങ്കിപനി വ്യാപകമായികൊണ്ടിരിക്കുന്നു. അടിമാലി, കട്ടപ്പന, നെടുംകണ്ടം മേഖലകളിലൊക്കെയും ഡെങ്കിപനി ബാധിതരുടെ എണ്ണം കൂടിവരുന്നതായി കാണുന്നു. കരുണ ആശുപത്രിയിൽ മാത്രം കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ 37 പേർ ചികിത്സ തേടിയെത്തി. പനിയുടെ ആരംഭത്തിൽതന്നെ രോഗം സ്ഥിരീകരിച്ച് ചികിത്സ ആരംഭിച്ചില്ലെങ്കിൽ ഡെങ്കിപനി അപകടകരമാണ്; മാത്രമല്ല കൊതുകുപരുത്തുന്ന രോഗമാകയാൽ അനേകരിലേയ്ക്ക് പകരാനും സാധ്യതയുണ്ട്. പനി ഒരു രോഗമല്ല ഏതെങ്കിലും ഒരു രോഗത്തിന്റെ ലക്ഷണമാണ്. അതുകൊണ്ട് പനി ബാധിതർ രോഗ ലക്ഷണത്തേയല്ല മറിച്ച് വിദഗ്ദ്ധ പരിശോധനയിലൂടെ രോഗം സ്ഥിരീകരിച്ച് ചികിത്സ നേടുകയാണ് വേണ്ടത്. ഏതു രോഗമാണെങ്കിലും വഷളായാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുകയില്ല.

# ആത്മജ്യോതിയിലെ പരിപാടികൾ

**ജനുവരി 2018**

07 - 12 : എഫാത്താ ധ്യാനം
15 - 17 : വിവാഹ ഒരുക്ക ധ്യാനം
20 - 21 : തിയോളജി കോഴ്സ്
26 - 28 : വിവാഹ ഒരുക്ക ധ്യാനം



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഡിസംബർ 2017**

02 അടിമാലി ആത്മജ്യോതിയിൽ നടന്ന എം.എസ്.റ്റി. സഭയുടെ ജൂബിലി സംഗമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

17 പുതുതായി നിർമ്മിച്ച തടിയമ്പാട് തിരുഹൃദയ മഠത്തിന്റെ ചാപ്പൽ കൂദാശചെയ്യുകയും മഠം വെഞ്ചരിക്കുകയും ചെയ്തു.

25 വാഴത്തോപ്പ് കത്തീഡ്രലിൽ ക്രിസ്തുമസ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടത്തിയ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

26 കോഴിമല ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പു നിർവ്വഹിച്ചു.

* മുക്കുടം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ സുവർണ്ണജൂബിലി സമാപന സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

# അഭിവന്ദ്യ പിതാവിന്റെ പരിപാടികൾ

**ജനുവരി 2018**

| | | |
|---|---|---|
| 03 | 02.00 pm | തിരുപ്പട്ടം, ഡീ. വരകിൽ ജോസഫ്, ചേലച്ചുവട് |
| 04 | 02.30 pm | വെഞ്ചരിപ്പ്, എല്ലക്കൽ |
| 06 | 10.00 am | ജൂബിലി, മുരിക്കാശ്ശേരി |
| 06 | 04.00 pm | അടിമാലി |
| 08-13 | | സിനഡ്, മൗണ്ട് സെന്റ് തോമസ്, കാക്കനാട് |
| 20 | 12.00 pm | ജൂബിലി, ഇടുക്കി |